പത്രാധിപർ എം. എ. ജോൺ

# നിർണ്ണയം.


| പുസ്തകം 1<br>ലക്കം 15 | എറണാകുളം 1970 മേയ് 10 ഞായർ | വില 35 സ. |
|---|---|---|


### * ഈ ലക്കത്തിൽ *


* കുറിപ്പുകൾ

തപാൽ സൌജന്യത്തെപ്പററി

* കാഴ്ചപ്പാടുകൾ

വിദ്യാർത്ഥികളുടെ ഹാജർ പ്രശ്നം

* ലേഖനം

ഇന്ത്യയിലെ മുസ്ലീംരാഷ്ട്രീയം

കമ്പോഡിയായിലെ സംഭവങ്ങൾ

യഥാർത്ഥ മതേതരത്വം

* എഴുതാപ്പുറം

* കത്തുകൾ


**15**

കുറിപ്പുകൾ

## തപാൽ സൌജന്യത്തെപ്പററി

'നിർണ്ണയ'ത്തിൻെറ പതിനഞ്ചാം ലക്കമാണിതു്. തപാലിൽ അയച്ചുകൊടുക്കുന്ന ഓരോ വാരികക്കും 15 പൈസവീതം തപാൽ ചെലവു ഇന്നും സഹിക്കേണ്ടിവരുന്നു. പത്രമാസികകൾക്കു് നിയമപ്രകാരം അർഹമായ സൌജന്യങ്ങൾ ഇതേവരെ ഈ വാരികക്കു ലഭിച്ചിട്ടില്ല.

അർഹമായ തപാൽ സൌജന്യം ലഭിക്കാത്തതുകൊണ്ടു് ഇതിനകം ആയിരത്തിലേറെ രൂപ ആ ഇനത്തിൽ മാത്രം നഷ്ടംവന്നിട്ടുണ്ടു്. ഞങ്ങളുടെഭാഗത്തുനിന്നുനിയമാനുസൃതം ചെയ്യേണ്ടതായ കൃത്യങ്ങളെല്ലാം ചെയ്തുകഴിഞ്ഞിട്ടും തപാൽവകുപ്പധികൃതർ 'നിർണ്ണയ'ത്തിനു മാത്രം തപാൽസൌജന്യം നിഷേധിക്കുന്നതു് എന്താണെന്നു മനസ്സിലാകുന്നില്ല.

രണ്ടു് ലക്കങ്ങൾ പുറത്തിറങ്ങുമ്പോഴേക്കും തപാൽസൌജന്യങ്ങൾ ലഭിച്ച വാരികകളെപ്പററി ഞങ്ങൾക്കറിയാം. ആദ്യലക്കത്തോടൊപ്പംതന്നെഅമ്പതുവരിക്കാരുടെ പേരുവിവരവും തപാൽവകുപ്പധികൃതർക്കു് അയച്ചുകൊടുക്കും. വാരിക പുറത്തിറങ്ങുന്നുണ്ടോയെന്നു അവർ ഇവരിൽനിന്നു ചിലരോടു് എഴുതിച്ചോദിക്കും. പുറത്തിറങ്ങുന്നുണ്ടെന്നു വായനക്കാർ എഴുതി അറിയിക്കും. ഉടൻതന്നെ സൌജന്യവും അനുവദിക്കും. ഇതാണു് പതിവു്.

പക്ഷെ നിശ്ചിതഫോറത്തിൽ അപേക്ഷയെഴുതി അയക്കണമെന്നാണ് ഇവിടെ തപാൽ വകുപ്പധികൃതരിൽനിന്നു് ഞങ്ങൾക്കു കിട്ടിയ ഉപദേശം. അതനുസരിച്ചു് രണ്ടുവാരികകളും അപേക്ഷാഫോറത്തിനുള്ള അപേക്ഷയുംപോസ്റ്റുമാസ്റ്റർ ജനറലിനു് ഞങ്ങൾ അയച്ചുകൊടുത്തു. എന്നിട്ടും കുറെനാളുകളിലേക്കു മറുപടിയൊന്നുമുണ്ടായില്ല.

പത്രപ്രവർത്തകരായ ചില സുഹൃത്തുക്കളുടെ ഉപദേശമനുസരിച്ചു് ഞങ്ങൾ വീണ്ടും വാരികയുടെ രണ്ടു കോപ്പികളും അമ്പതു് വരിക്കാരുടെ പേരും മേൽവിലാസവും സഹിതം സൌജന്യത്തിനുവേണ്ടി വീണ്ടും അപേക്ഷിച്ചു. രണ്ടുമൂന്നാഴ്ചകഴിഞ്ഞപ്പോൾ, ഞങ്ങൾ അയച്ച കത്തുകളെപ്പററിയൊന്നും പരാമർശിക്കാതെ വെറും ഒരു ഫാറം മാത്രം ഒരുദിവസം തപാലിൽ ഞങ്ങൾക്കു ലഭിച്ചു.

മടക്കത്തപാലിൽതന്നെ പൂരിപ്പിച്ച ഫാറവും അമ്പതു്വരിക്കാരുടെ മേൽവിലാസവും വാരികയുടെ കോപ്പികളും ഞങ്ങൾ തിരുവനന്തപുരത്തേക്കു്അയച്ചു. രണ്ടുമൂന്നാഴ്ചത്തേക്കു് വീണ്ടും മൌനം. പതിവുപോലെ ഓർമ്മിപ്പിക്കൽ കത്തുംഅയച്ചു. തുടർന്നു വാരികയുടെ 'ഡിക്ളറേഷൻെറ, സർട്ടിഫൈഡു് കോപ്പി വേണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള കത്തു് ഞങ്ങൾക്കു് തപാൽവകുപ്പധികൃതരിൽനിന്നു ലഭിച്ചു. ആദ്യം ഫാറം അയച്ചുതന്ന കൂട്ടത്തിൽ ഡിക്ളറേഷൻെറ ശരിപകർപ്പു കൂടി ആവശ്യപ്പെട്ടിരുന്നെങ്കിൽ എത്ര സമയവും പണവും ലാഭിക്കാമായിരുന്നു.

ഇതിനിടയിൽ ഞങ്ങളുടെ അപേക്ഷകളെക്കുറിച്ചു് ഓർമ്മപ്പെടുത്തിക്കൊണ്ടു് തപാൽവകുപ്പധികൃതർക്കു് ഞങ്ങൾ കത്തുകളയച്ചുകൊണ്ടിരുന്നു. പക്ഷെ ഒന്നിനും ഇന്നുവരെ മറുപടി കിട്ടിയിട്ടില്ല..

ഡിക്ളറേഷൻ വെക്കാതെ വാരികയൊന്നും പുറത്തിറങ്ങാൻ പാടില്ലെന്ന കർശനമായ ചട്ടം നിലവിലുള്ളതാണ്. എങ്കിലും തപാൽവകുപ്പധികൃതരുടെ ആവശ്യപ്രകാരം ഡിക്ളറേഷൻ സർട്ടിഫൈഡു് പകർപ്പിനുവേണ്ടി ഞങ്ങൾ കളക്ടറേററിലെത്തി. എന്നാൽ അപേക്ഷ സമർപ്പിച്ച അന്നുതന്നെ കാര്യം സാധിക്കുമെന്നു വിചാരിച്ചതു് തെററായിപ്പോയി എന്നാണു് അഡീഷണൽ എക്സിക്യൂട്ടീവ് ഫസ്റ്റ്ക്ലാസ്സ് മജിസ്ട്രേട്ടിൻെറ ആക്ഷേപം.

(ശേഷം 16ാം-പേജിൽ)

## കാഴ്ചപ്പാടുകൾ

# വിദ്യാർത്ഥികളുടെ ഹാജർ പ്രശ്നം

കേരള സർവ്വകലാശാലയുടെ കഴിഞ്ഞ സെനററ് യോഗത്തിന്റെ തീരുമാനം വളരെ വിവാദങ്ങൾക്കിടയാക്കിയിരിക്കുകയാണു്. തിരുവനന്തപുരത്തെ മഹാത്മാഗാന്ധികോളേജിലെ 4 വിദ്യാർത്ഥികളെ പരീക്ഷക്കിരിക്കാൻ അനുവദിച്ചു കൊണ്ടു് വൈസ് ചാൻസലർ എടുത്ത തീരുമാനമാണു് വിവാദപ്രശ്നത്തിനിടയാക്കിയതു്. എം. ജി. കോളേജിൽ 40 വിദ്യാർത്ഥികൾക്കു് നിശ്ചിതയളവിൽ ഹാജരില്ലായിരുന്നു. ഇവരിൽ 4 വിദ്യാർത്ഥികളൊഴികെയുള്ളവർക്കു് പരീക്ഷക്കിരിക്കാൻ പ്രിൻസിപ്പൽ അനുമതി നൽകി.

പരീക്ഷക്കിരിക്കാൻ അനുമതി നിഷേധിക്കപ്പെട്ട 4 വിദ്യാർത്ഥികൾ ഹാജർ ഇളവിനായി സർവ്വകലാശാലയെ സമീപിച്ചു. സർവ്വകലാശാല ഒരുകമ്മീഷനെ വെച്ചു് പ്രശ്നം പരിശോധിച്ചു. കമ്മീഷന്റെ ശുപാർശയനുസരിച്ചു് നാലുവിദ്യാർത്ഥികൾക്കും പരീക്ഷക്കിരിക്കാൻ വൈസ് ചാൻസലർ പ്രത്യേകാനുമതിനൽകി. സർവ്വകലാശാലയുടെ പരമാധികാര സമിതിയായ സെനററിൽ ഈ പ്രശ്നം ചർച്ചക്കു വന്നപ്പോൾ എം. ജി. കോളേജു് പ്രിൻസിപ്പൽ ശ്രീ. എം. പി. മന്മഥൻ വളരെ വികാരത്തോടെ വൈസ്ചാൻസലറുടെ നടപടിയെ ചോദ്യംചെയ്തുവെന്നാണു് റിപ്പോർട്ടു്. ഫാദർ മാർസൽ, എം. സി. മാത്യു, കെ. സി. മാത്യു, എന്നിവരും എം. പി. മന്മഥനും പ്രിൻസിപ്പൽമാരുടെ അവകാശങ്ങൾക്കു വേണ്ടി ശക്തിയായി വാദിച്ചുവത്രെ.

അച്ചടക്കത്തിന്റെയും പ്രിൻസിപ്പലിന്റെ വിവേചനാധികാരത്തിന്റെയും പേരിലാണു് മന്മഥനും മററും ക്ഷോഭിക്കുന്നതു്. സെനററിന്റെ തീരുമാനം വിദ്യാഭ്യാസരംഗത്തു് അച്ചടക്കരാഹിത്യം വളർത്തുമെന്നും കോളേജുകളിൽ അച്ചടക്കം പാലിക്കുന്നതിനു പ്രിൻസിപ്പലിന്റെ കഴിവില്ലാതാക്കുമെന്നും ആക്ഷേപമുണ്ടു്. കോളേജിന്റെ പ്രവത്തനത്തിൽ പ്രിൻസിപ്പലിനുള്ള അധികാരമാണു് ചോദ്യംചെയ്യപ്പെട്ടിരിക്കുന്നതെന്നു് ഒരുപത്രലേഖകൻ എഴുതിക്കണ്ടു. യാഥാർത്ഥ്യങ്ങളും പ്രത്യാഘാതങ്ങളും നോക്കാതെ പുരോഗമനം പറയുന്നതിൽ സെനററംഗങ്ങളും സിൻഡിക്കേററംഗങ്ങളും മത്സരം തന്നെ നടത്തിയെന്നാണു് ഈ പത്രലേഖകൻ പറയുന്നതു്.

സെനററംഗങ്ങളും സിൻഡിക്കേററംഗങ്ങളും എന്തു പുരോഗമനമാണു് പറഞ്ഞതെന്നോ, അതല്ലെങ്കിൽ പറഞ്ഞതു് വളരെ പുരോഗമനമാണെന്നോ എന്നൊന്നും ഇവിടെ പരിശോധിക്കുന്നില്ല. നാലുവിദ്യാത്ഥികളെ പരീക്ഷക്കിരിക്കാൻ വൈസ് ചാൻസലർ അനുവദിച്ചതു് പ്രിൻസിപ്പലിനെ മറികടക്കലും അച്ചടക്കം പാലിക്കുന്നതിനു് തടസമുണ്ടാക്കലുമാണെന്നാണു് മുഖ്യആക്ഷേപം. അങ്ങിനെയാണെങ്കിൽ ആദ്യമെതന്നെ ഒരുകാര്യം അറിയേണ്ടതുണ്ടു്. പ്രിൻസിപ്പലിനെയും വൈസ് ചാൻസലറിനെയും ഒക്കെ മറികടന്നു കൊണ്ടു് ഇവിടെ സാധാരണയായി ഹൈക്കോടതിയിൽ നിന്നു് വിദ്യാർത്ഥികൾക്കു പരീക്ഷയെഴുതാൽ അനുമതിനൽകുന്നതും അച്ചടക്കത്തിനു തടസമുണ്ടാക്കുന്നതല്ലേ?

പക്ഷെ പ്രിൻസിപ്പൽമാർക്കോ മററാർക്കെങ്കിലും തന്നെയോ ഹൈക്കോടതിയുടെ താൽക്കാലിക നിർദ്ദേശത്തെപ്പററി പരാതിയൊന്നുമുണ്ടാകാറില്ല. പ്രിൻസിപ്പൽമാർ ഹോൾടിക്കററു് നിഷേധിച്ചതിനെതിരായി ഹൈക്കോടതിയിൽ റിട്ടു് ഹർജി കൊടുത്തു, പരീക്ഷക്കിരിക്കാൻ അനുമതി മേടിക്കുന്ന ധാരാളം വിദ്യാർത്ഥികളുണ്ടു്. പ്രഥമദൃഷ്ട്യാ വിദ്യാർത്ഥി പറയുന്നതിൽ എന്തെങ്കിലും ന്യായമുണ്ടോ എന്നു നോക്കി താൽക്കാലികമായി പരീക്ഷക്കിരിക്കാൻ അനുവാദം കൊടുക്കുകയാണു് ഹൈക്കോടതി ജഡ്ജിമാർ ചെയ്യുന്നതു് അതിനുകാരണം നമ്മുടെ വിദ്യാഭ്യാസസമ്പ്രദായമനുസരിച്ചു് പരീക്ഷക്കെഴുതാൻ കഴിയാതെ പോകുകയെന്നുവന്നാൽ വിദ്യാർത്ഥിയുടെ ഭാവിയൊന്നാകെ ബാധിക്കുന്ന സംഭവമാണതു്.

വാർഷികപരീക്ഷയെ കേന്ദ്രീകരിച്ചുള്ളതാണല്ലോ നമ്മുടെ വിദ്യാഭ്യാസം മുഴുവനും. വർഷത്തിന്റെ അവസാനം ഏഴെട്ടുദിവസങ്ങളിലായി നടക്കുന്ന പരീക്ഷക്കു് എഴുതുന്നതിനു് ആശ്രയിച്ചാണു് പലപ്പോഴും വിദ്യാർത്ഥിയുടെ പരീക്ഷാവിജയവും ഡിഗ്രിബാധനവും, മാത്രമല്ല, ഭാവിജീവിതം തന്നെ നിലകൊള്ളുന്നതു്. അങ്ങിനെയുള്ളപരീക്ഷക്കു് എഴുതാൻ സാധിക്കാതെ വരുകയെന്നതു് ബന്ധപ്പെട്ട വിദ്യാർത്ഥിയുടെ ജീവിതത്തിന്റേയും തൊഴിലിന്റേയും പ്രശ്നമാണു്.

**രാജൻ**

ഏററവും വിശാലബുദ്ധിയോടെ സാമാന്യനീതിതത്വങ്ങളെല്ലാം അനുസരിച്ചു മാത്രമേ ഒരു വിദ്യാർത്ഥിയുടെ പരീക്ഷക്കിരിക്കാനുള്ള അവകാശത്തെ സമീപിക്കാവൂ. ഇക്കാരണങ്ങളിലാണു് കോടതികളിൽ നിന്നുണ്ടാകുന്ന താൽക്കാലികയനുമതികൾ പലപ്പോഴും വിദ്യാർത്ഥികൾക്കു് ആശ്വാസമായിത്തീരുന്നതു്.

രാജ്യത്തിന്റെ നാനാഭാഗങ്ങളിൽ നിന്നുമുള്ള വിദ്യാർത്ഥികളെല്ലാം പ്രിൻസിപ്പൽമാരുടെ നടപടിയെ ചോദ്യം ചെയ്തു് ഹൈക്കോടതിയിൽ റിട്ടു് ഹർജി ബോധിപ്പിക്കാൻ കഴിവുള്ളവരാകുകയില്ലല്ലോ. ഹർജി ബോധിപ്പിക്കുന്നവർക്കെല്ലാം പരീക്ഷക്കിരിക്കാൻ കോടതികൾ അനുമതി നൽകണമെന്നില്ല. ഈവക പ്രശ്നങ്ങൾ തീരുമാനിക്കാൻ യഥാർത്ഥത്തിൽ ജഡ്ജിമാരെക്കാൾ അർഹരായിട്ടുള്ളവർ പ്രിൻസിപ്പൽമാരും അദ്ധ്യാപകരും ഉൾപ്പെട്ട സെനററും അതിന്റെ തലവനായ വൈസ് ചാൻസലറുമാണു്. പക്ഷെ നമ്മുടെ പ്രിൻസിപ്പൽമാർക്കും അവരുടെ രക്ഷാധികാരികളായ മാനേജ്മെന്റിനും വിചിത്രമായ ധാരണകളാണുള്ളതെന്നു അവരുടെ പെരുമാററം വ്യക്തമാക്കുന്നു. എന്തിലും ഏതിലും ഹൈക്കോടതി ഇടപെട്ടു് ഉത്തരവിട്ടാൽ അവർ വാലാട്ടി അനുസരിക്കും. അതു പൗരാവകാശത്തിന്റേയും ഭരണഘടനയുടേയും പേരിൽ ന്യായീകരിക്കും. അപ്പോൾ അച്ചടക്കപാലനത്തിന്റെ പ്രശ്നമുണ്ടാകയില്ല. എന്നാൽ സർവ്വകലാശാലയുടെ പരമാധികാരസഭയായ സെനറേറാ സിൻഡിക്കേറേറാ ഈവക കാര്യം തീരുമാനിച്ചാൽ ബഹളമായി. അവകാശത്തിൽ കൈകടത്തലായി. പ്രതിഷേധമായി, പ്രസ്താവനയായി. എം. പി. മന്മഥന്റെ നടപടി ശരിവെക്കാത്ത സെനററിനെ ആക്ഷേപിച്ചുകൊണ്ടു് എൻ. എസ്സ്. എസ്സ്. പ്രസിഡണ്ടു് കളത്തിൽ വേലായുധൻനായർ പ്രസ്താവന പുറപ്പെടുവിച്ചിട്ടുണ്ടു്. ഒരുപക്ഷെ, അദ്ദേഹംതന്നെ വിദ്യാർത്ഥികൾക്കു പരീക്ഷക്കിരിക്കാൻ അനുവാദത്തിനുവേണ്ടി പലതവണ ഹൈക്കോടതിയിൽ റിട്ടുഹർജി സമർപ്പിച്ചയാളായിരിക്കണം.

(ശേഷം 15-ാം പേജിൽ)

# കമ്പോഡിയായിലെ സംഭവങ്ങൾ

**സുബ്രതോസെൻ**

അവർ എവിടെപ്പോയി മറഞ്ഞു.? കഴിഞ്ഞ മാസാവസാനത്തിൽ മഹാനായ അലക്സാണ്ടറെപ്പോലെന്നും നെപ്പോളിയനെപ്പോലെയും കമ്പോഡിയയുടെ തലസ്ഥാനത്തേക്ക് മുന്നേറിക്കൊണ്ടിരിക്കുന്നുവെന്നു പറയപ്പെട്ടിരുന്ന വിയററ്കോങ്ങ്കാർ എവിടെപ്പോയി? മാർച്ച് 23നു- യിലെ വാർത്തയനുസരിച്ച് "സ്ഥാനഭ്രഷ്ടനാക്കപ്പെട്ട കമ്പോഡിയാത്തലവൻ നോറഡോം ഷിഹനൌക്കിന്റെ അനുഭാവികളായ വിയററ്കോങ്ങ്കാർ' കമ്പോഡിയൻ തലസ്ഥാനമായ പോംപെന്നിന്റെ 54 കിലോമീററർ അടുത്തെത്തിയിട്ടുണ്ടായിരുന്നു. ഔദ്യോഗിക റിപ്പോർട്ടുകളിലാണ് ഇങ്ങനെ പറഞ്ഞിരുന്നതു്. അടുത്ത ദിവസം ഈ ദൂരം 30 നാഴികയായി ചുരുങ്ങി. (ഇത്തവണ കിലോമീറററിന്റെ കണക്കല്ലാ പറഞ്ഞതു്) മുന്നേറിക്കൊണ്ടിരുന്ന വിയററ്കോങ്ങ് പട്ടാളക്കാർ, ഏപ്രിൽ 1നു- സ്വയം സിഹനൌക്ക് പ്രതിരോധ സേനയെന്നു വിളിച്ചുകൊണ്ടു് മനസ്സുമാററി കമ്പോഡിയൻ സംസ്ഥാനമായ പ്രെവെങ്ങിന്റെ 12 നാഴിക ഉള്ളിലേക്കു നീങ്ങി സ്ഥാനമുറപ്പിക്കാൻ നിശ്ചയിച്ചു വെന്നു തോന്നുന്നു. കമ്പോഡിയൻ സൈനികാധികൃതർ നൽകിയ വിവരമാണിതു്. അടുത്ത ദിവസം ജനറൽ ലോൺനോൽ ഒരു അറിയിപ്പ് പുറപ്പെടുവിച്ചു. അതനുസരിച്ച് വടക്കേ വിയററ്നാംകാർ നോറഡംസിഹനൗക്ക് രാജകുമാരൻ പുതിയ ഭരണക്കൂടത്തെ തകർക്കണമെന്നഭ്യർത്ഥിച്ചതനുസരിച്ച് കമ്പോഡിയയുടെ ഒരു സൈനികവിഭാഗത്തെ ആക്രമിച്ചുവെന്നായിരുന്നു വാർത്ത. പോംപെന്നിൽനിന്നും 80 നാഴികയകലെ ക്രേററി സംസ്ഥാനത്തു് വെച്ച് ആക്രമണം നടന്നുവെന്നാണ് റിപ്പോർട്ട്. ഇതിനിടയിൽ പോംപെന്നിലേക്കു മുന്നേറിക്കൊണ്ടിരുന്ന വിയററ്കോങ്ങ്കാർ വായുവിൽ അപ്രത്യക്ഷമായ പോലെ തോന്നുന്നു.

ഭാവനയിൽ ഇത്തരം കള്ളക്കഥകളുണ്ടാക്കി പ്രചരിപ്പിക്കുന്ന തൊഴിൽ ദിവസവും നടത്തിക്കൊണ്ടിരിക്കുന്നതിനിടയിൽ, സിഹനൌക്കിനുവേണ്ടി പടപൊരുതിയിരുന്ന വിയററ്കോങ്ങ്കാരും വടക്കേ വിയററ്നാംകാരും കമ്പോഡിയയിൽ താമസമാക്കിയ 60000 പേരിൽപ്പെട്ടവരാണോയെന്നു പോംപെന്നിലെ ജനറൽമാർ വ്യക്തമാക്കിയിട്ടില്ല. നേരത്തെ പറഞ്ഞിരുന്നത് 60,000 വിയററ്നാംകാർ കമ്പോഡിയയിൽ താമസമാക്കിയിട്ടുണ്ടെന്നാണ്. ലാവോസിലെപ്രധാനമന്ത്രി സൌവ്വന്നഫൌമാരാജകുമാരനും അമേരിക്കൻ സുഹൃത്തുക്കളും ഇതിനകം പറയുന്നത് 50,000 വടക്കേ വിയററ്നാം പട്ടാളക്കാർ ലാവോസിൽ കടന്നു പ്രവർത്തിക്കുന്നുണ്ടെന്നാണ്. ഇതെല്ലാം കേട്ടാൽ തോന്നുക, വിയററ്നാം വിമോചിപ്പിക്കാൻ സാധിക്കാഞ്ഞിട്ട് വിയററ്നാംകാർ ഇപ്പോൾ ലാവോസും കമ്പോഡിയയും വിമോചിപ്പിക്കാൻ ശ്രമിക്കുകയാണെന്നാണ്. ഒരു ലക്ഷത്തിലധികം വിയററ്നാംകാർ വയിററ്നാമിനു് പുറത്ത് പോയി യുദ്ധം ചെയ്യുന്നവരത്രെ! അവരുടെ സമരതന്ത്രത്തെപ്പററിയൊന്നും ചോദിച്ചു പോകരുത്.

ദേശീയ വിമോചനത്തിനുവേണ്ടി യുദ്ധം ചെയ്യുന്ന ഏതു ഗോറില്ലയേയും വിയററ്കോങ്ങ് എന്നുവിളിക്കാൻതയാറാകുന്നുവെങ്കിൽ, ഇവിടെയും അവിടെയും എവിടെയും കാണപ്പെടുന്ന വിയററ്കോങ്ങിന്റെ രഹസ്യം എളുപ്പത്തിൽ വിശദീകരിക്കാൻ കഴിയും. ലാവോസിലും കമ്പോസിയയിലും അങ്ങിനെയുള്ള പോരാളികൾ ധാരാളമുണ്ടു്. പാത്തേററ് ലാവോവിന്റെ ഗൊറില്ലകളേയും ഖ്മേർ റൌജിന്റെ ഗൊറില്ലകളേയും വടക്കേ വിയററ്നാംകാരെന്നോ, വിയററ്കോങ്ങ്കാരെന്നോ വിളിക്കേണ്ടതു് ആവശ്യമാണ്. അല്ലെങ്കിൽ പിന്നെ സ്വന്തം ജനതക്കെതിരായി അമേരിക്ക നടത്തുന്ന നഗ്നമായ കടന്നാക്രമണങ്ങളെ ന്യായീകരിക്കാൻ സൌവന്നഫൌമക്കും ലോൺനോലിനും എങ്ങിനെ ബാധിക്കും? കമ്പോഡിയയിൽ പ്രത്യേകിച്ചും കലാപകാരികളെ വിയ്ററ്കോങ്ങ്കാർ എന്നു മുദ്രകുത്താൻ എളുപ്പമാണ്. ദക്ഷിണ വിയററ്നാമിൽ താമസിക്കുന്ന വളരെയധികം കമ്പോഡിയക്കാർ (ഖ്മേർക്രോം എന്നു വിളിക്കുന്നവർ) അമേരിക്കയുടെ കൂട്ടക്കൊലയും ആക്രമണവും കാരണം കമ്പോഡിയയിലേക്കു ഓടിപ്പോയിട്ടുണ്ട്. താരതമ്യേന രക്ഷ കൂടിയ കമ്പോഡിയൻ പ്രദേശത്തു് ദക്ഷിണ വിയററ്നാം കർഷകർ മാറിത്താമസിച്ചിട്ടുണ്ടു്. ഇങ്ങനെ കുടിയേറിപ്പാർത്ത ഖ്മേർക്രോമും വിയററ്നാമീസ് കർഷകരും, അമേരിക്കയുടെയും ദക്ഷിണ വിയററ്നാമിന്റെയും ചോററു പട്ടാളത്തോട്ട് വളരെ മൈത്രിയൊന്നും കാണിച്ചിട്ടില്ലെന്നു തീർച്ച. കമ്പോഡിയയിൽ കടന്നു അവരുടെ ഗ്രാമത്തെ ആക്രമിച്ചവരാണ് ഈ ചോററു പട്ടാളക്കാർ. കമ്പേഡിയയിലെ അട്ടിമറിയെ തുടർന്നു ജനറൽ ലോണിന്റെ മൌനസമ്മതത്തോടെ അമേരിക്കക്കാർ കമ്പോഡിയായുടെ അതിർത്തിയിലുള്ള ഗ്രാമങ്ങൾ ആക്രമിച്ചപ്പോൾ ആളുകൾ യാങ്കികളേയും അവരുടെ കമ്പോഡിയൻ പാണിയാളുകളേയും ചെറുത്തു നിന്നെങ്കിൽ അത് സ്വാഭാവികമാണല്ലോ?. അവരെ 'വിയററ്കൊങ്ങ്'കാരെന്നു വിളിക്കുന്നതിൽ അത്ഭുതമില്ലല്ലോ. അട്ടിമറിക്കു തൊട്ടുമുമ്പ്, ദക്ഷിണ വിയററ്നാമിന്റെയടുത്തുള്ള കമ്പോഡിയൻ പ്രദേശങ്ങളിൽ വാഷിങ്ടൺ പോസ്റ്റിന്റെ ലേഖകനായ ടി, ഡി. അൽമാൻ സന്ദർശിച്ചപ്പോൾ അവിടെ വിയററ്നാംകാരെയൊന്നും കണ്ടില്ല. പോംപെന്നിലെ അധികാരികൾ കമ്പോഡിയക്കകത്ത് വിയററ്കോങ്ങ്കാരെ പറിച്ചു നട്ടുകള്ളകഥകൾ പ്രചരിപ്പിക്കുന്നത് കേട്ട് പ്രാദേശികയുദ്യോഗസ്ഥന്മാർ പോലും ചിരിക്കുകയാണ് ചെയ്തത്. സമാധാനപരമായിക്കഴിഞ്ഞ കമ്പോഡിയൻ ഗ്രാമങ്ങളെ അമേരിക്കൻ ബോംബർ വിമാനങ്ങൾ നശിപ്പിച്ചുകൊണ്ടിരിക്കുന്നത് ആൽമാൻ വിശദീകരിക്കുകയുണ്ടായി. പക്ഷെ പോംപെന്നിൽനിന്നും വാഷിങ്ടണിൽ നിന്നും പുറപ്പെടുന്നതും 'നിഷ്പക്ഷ' വാർത്ത ഏജൻസികൾ വിതരണം ചെയ്യുന്നതുമായ പ്രചരണത്തിൽ ഇത്തരം ഒററപ്പെട്ട ശബ്ദം അനിവാര്യമായും മുങ്ങിപ്പോയി.

## കമ്പോഡിയയിലെ വിയററ്നാംകാർ

എതിരാളികളെ വിയററ്നാംകാർ എന്നു മുദ്രകുത്തി തടിതപ്പാൻ ജനറൽ ലോൺനോലിനു മററു ചില സൌകര്യങ്ങളുമുണ്ടു. കമ്പോഡിയയിലെ 60 ലക്ഷംജനങ്ങളിൽ വിയററ്നാംകാരുടെ വർഗ്ഗത്തിൽപ്പെട്ടവർ നാലു ലക്ഷത്തിനും നാലര ലക്ഷത്തിനുമിടക്കുണ്ടു്. അവരിൽ ചിലർ കച്ചവടക്കാരും കർഷകരും വെറെതൊഴിലുകളിൽ ഏർപ്പെട്ടിട്ടുള്ളവരുമാണ്. കമ്പോഡിയൻ സമൂഹത്തിന്റെ, ഏററവും താഴ്ന്ന പടിയിൽ നിൽക്കുന്നവരായതുകൊണ്ടു് അവരിൽ മിക്കവരും ഇടതുപക്ഷ ചായ്‌വുള്ളവരാണ്. വിയററ്നാമിലെ സഹോദരന്മാർ നടത്തുന്ന സമരത്തോട് അനുഭാവമുള്ളവരാണ്. ഇടതു പക്ഷ ശക്തികളെ മർദ്ദിച്ചൊതുക്കാനുള്ള ശ്രമത്തിൽ അവരെ വികസന മോഹികളായ വിയററനാംകാരുടെ ഏജൻറുമാരെന്നു വിളിക്കാൻ കമ്പോഡിയൻ ഗവർമെണ്ടിനു

എളുപ്പം സാധിക്കും. ഖ്മേറുകളോട് വിയററ്നാംകാർക്കു പരമ്പരാഗതമായുള്ള വിദ്വേഷം ആളിക്കത്തിക്കാനും കഴിയും. കമ്പോഡിയയിലെ ഗിരിവർഗ്ഗക്കാരും (ഖ്മേർലിയു) ഖ്മേർറൌജ് (ചുവപ്പ്ഖ്മേർ) എന്നറിയപ്പെടുന്നതും ഒളിവിലുള്ളതുമായ കമ്പോഡിയൻ കമ്യൂണിസ്റ്റ് സംഘടനയിലെ കർഷകരായ ഒളിപ്പോരാളികളും ചേർന്നു 1967-ൽ കമ്പോഡിയൻ സേനയെ ആക്രമിച്ചതു മുതൽ അവരെ വിയററ്നാമിന്റെ "'ട്രോജൻ കുതിര'യെന്നു ആക്ഷേപിക്കാറുണ്ട്. പാത്തററ്ലാമാവിനെ വിയററ്നാമീസ് സാമ്രാജ്യത്വത്തിന്റെ ചട്ടുകമെന്നും തായ്‌ലണ്ടിലെ ജനകീയമുന്നണിയെയും ബർമ്മയിലെ കമ്യൂണിണിസ്റ്റ് പാർട്ടിയെയും പെക്കിങ്ങിന്റെ ചട്ടുകങ്ങളെന്നും വിളിക്കുന്നതുപോലെതന്നെയാണിതു്. സിഹാനൗക്ക് രാജകുമാരൻ പിൻതുടരുന്ന സ്വാതന്ത്ര്യത്തിന്റെയും സമാധാനത്തിന്റെയും നിഷ്പക്ഷതയുടെയുമായ നയങ്ങൾക്കു് ഹാനോയ് അചഞ്ചലമായ പിന്തുണ പ്രഖ്യാപിച്ചിട്ടുള്ളതുകൊണ്ടു് തന്റെ എതിരാളികളെയെല്ലാം വിയററ്കോങ്ങ്കാരായി ചിത്രീകരിക്കാൻ ജനറൽ ലോൺനോലിനു എളുപ്പമായിരുന്നു. രാജകുമാരന്റെ നയത്തിനു ഹാനോയ് പിന്തുണകൊടുക്കുന്നതിനെ, രാജകുമാരനുവേണ്ടി കമ്പാഡിയായിൽ നടത്തുന്ന സൈനിക ഇടപെടലായും ചിത്രീകരിക്കാൻ ജനറൽ ലോൺനോലിനു എളുപ്പമാണു്. കോംപോങ്ങ്ലാം പ്രവിശ്യയിൽ സിഹനൌക്കിനു പിന്തുണ നൽകുന്ന യുവാക്കളും വിദ്യാർത്ഥികളും ഗവണ്മെൻറ് ഓഫീസുകൾ ആക്രമിക്കുകയുണ്ടായി. ഇതു് പൂർണ്ണമായി അടിച്ചമർത്താൻസാധിച്ചില്ല. വിയററ്കോങ്ങുകാർ ഇത്തരം 'ദേശദ്രോഹ'പ്രവർത്തി നടത്താൻ അവരെ ഇളക്കി വിട്ടിരിക്കുകയാണെന്നാണ് ലോൺനോൽ വ്യാഖ്യാനിച്ചതു്.!

എന്നിരുന്നാലും, കമ്പോഡിയായിൽ വിയററ് കോങ്ങ്കാർ നടത്തുന്ന ആക്രമണം,, എന്നിങ്ങനെ ശബ്ദ കോലാഹലമുണ്ടാക്കുന്നതിന്റെ പിന്നിൽ ജനറൽ ലോൺനോലും അയാളുടെ അമേരിക്കൻ യജമാനന്മാരും ഉദ്ദേശിക്കുന്നതിനേക്കാൾ ഗണനീയമായ കാര്യങ്ങളുണ്ട്. കമ്പോഡിയയുടെ നിഷ്പക്ഷതയെ കാററിൽ പറത്തുകയും കമ്പോഡിയയിലെ ഇടതു പക്ഷ ശക്തികളെ മർദ്ദിച്ചൊതുക്കാൻ അമേരിക്കൻ സാമ്രാജ്യത്വ വാദികളോട് ഒത്തുചേരുകയും (ഇത് മൂടി വെയ്ക്കാനാണ് വിയററ്നാംകാർക്കെതിരായി കള്ളപ്രചാരണം നടത്തിയിരുന്നത്) ചെയ്തത് വഴി പോംപെന്നിലെ ജനറൽമാർ രാജ്യത്തെ മറെറാരു വിയററ്നാം ആക്കി മാററിയിരിക്കുകയാണ്. പോംപെന്നിൽ സി. ഐ. എ. താങ്ങിനിർത്തുന്ന ഭരണക്കൂടത്തെ വിയററ് കോങ്ങ്കാർ ആക്രമിക്കേണ്ടതില്ല. വിയററ് കോങ്ങ് എന്നു വിളിക്കുന്ന വിയററ്നാംകാരായ വിമോചനപ്പോരാളികളുടെ കാലടിപ്പാടുകൾ പിന്തുടരാൻ കമ്പോഡിയയിലെ ജനങ്ങളെ ഭരണക്രൂടം തന്നെ നിർബന്ധിതരാക്കുന്നുണ്ട്. ഇപ്പോൾ സിഹനൌക്ക് രാജകുമാരൻ തീഷ്ണമായി അമേരിക്കാവിരുദ്ധനായിത്തീരുകയും വിററ്നാമിലെ ദേശീയ വിമോചന സേനയുടെ മാതൃകയിൽ കമ്പോഡിയയിൽ വിമോചന സേനരൂപികരിക്കണമെന്നാഹ്വാനം ചെയ്യുകയും ചെയ്യുന്നുണ്ടെങ്കിൽ, അമേരിക്കൻ സാമ്രജ്യ വാദികളും അവരുടെ കമ്പോഡിയൻ ശിങ്കിടികളും തന്നെയാണ് അതിനുത്തരവാദികൾ. സിഹനൌക്കിനെ പുറത്താക്കിയത് വഴി അമേരിക്കക്കാരും അവരുടെ കമ്പോഡിയൻ പാവകളും ക്രൂടി കമ്പോഡിയായുടെ ചരിത്രത്തെ പുതിയ വഴിത്തിരിവിലെത്തിച്ചിരിക്കുന്നു. അവരുടെ അവസാനത്തിലേക്കു് എത്തിക്കുന്ന വഴിത്തിരിവാണത്.

ഭരണക്രൂടത്തെ അട്ടിമറിച്ചവരുടെ സ്വഭാവത്തെക്കുറിച്ചും ഇദ്ദേഹത്തെക്കുറിച്ചും ഊഹാപോഹങ്ങൾ നടത്തേണ്ടയാവശ്യമില്ല. അട്ടിമറിക്കു ശേഷം അവരെടുത്ത നടപടികളും വടക്കേ വിയററ്നാംകാരെ പുറത്താക്കുന്നതും പോംപെന്നിലെ പി. ആർ. ജി. മിഷനുകളെ പുറത്താക്കുതും കണ്ടാൽ അവർ ഏതു താല്പര്യത്തെയാണ് പ്രതിനിധാനം ചെയ്യുന്നതെന്നു കാണാൻ വിഷമമില്ല. പക്ഷെ നോറഡം രാജവംശത്തിലെ ഉത്സാഹശാലിയായ നോറഡം സിഹനൌക്ക് രാജകുമാൻ ഒരു ദേശീയ വിമാചന സമരത്തിന്റെ നായകനായി വരുന്നത് ഊഹിക്കാൻ ചിലർക്കു പ്രയാസമുണ്ടാകും. അയാൾ കമ്യൂണിസ്റ്റ് വിരുദ്ധനല്ലെ? അയാൾ തന്നെയല്ലേ ധീരരായ വിയററ്നാംകാർക്കു് കമ്പോഡിയക്കെതിരായി വികസനമോഹമുണ്ടെന്നു പലതവണ ആക്ഷേപിച്ചിട്ടുള്ളത്? പുതിയ ഭരണക്രൂടത്തിനെതിരായി ഒളിപ്പോർ നടത്തണമെന്നു അയാൾ ആഹ്വാനം ചെയ്യുന്നത് കേവലം അവസര വാദമല്ലെ? അങ്ങിനെയാണെങ്കിൽ പെക്കിങ്ങും ഹാനോയിയും എന്തിനാണ് രാജകുമാരനു പിന്തുണ നൽകുന്നത്? സിഹനൌക്ക് ഇത്രയും കാലം മർദ്ദിച്ച ഇടതു പക്ഷ ശക്തികൾ ഇപ്പോൾ സിനൌക്കിന്റെ ആഹ്വാനം ചെവിക്കൊണ്ടു് ദേശീയ വിമോചനസേനയുണ്ടാക്കി പുതിയ ഭരണക്രൂടത്തെ പുറംതള്ളുമെന്നു എങ്ങിനെ പ്രതീക്ഷിക്കാനാവും? ഈ കടം കഥകൾക്കെല്ലാമുള്ളയുത്തരം കണ്ടെത്തേണ്ടത് ഇന്തോചീനയിലെ പൊതുവായ സാഹചര്യങ്ങളിലും കമ്പോഡിയയിലെ പ്രത്യേക സംഭവ വികാസങ്ങളിലും സിംഹനൌക്കിന്റെ അഭ്യന്തര വിദേശനയങ്ങളിലും പ്രത്യേകിച്ച് കമ്യൂണിസത്തോടും അമേരിക്കൻ സാമ്രാജ്യത്തോടുമുള്ള പെരുമാററത്തിലുമാണ്.

ശൈശവാവസ്ഥയിലുള്ള കമ്പോഡിയൻ രാഷ്ട്രത്തിന്റെ നേതാവിന്റെ ചുമതല വഹിക്കുന്ന ആളെന്ന നിലക്കാണു സിംഹനൌക്കിന്റെ അഭ്യന്തര, വിദേശ നയങ്ങളെ വിലയിരുത്തേണ്ടതു്. ഒരു സംരക്ഷിത രാഷ്ട്രമെന്ന നിലയിൽ ഫ്രെഞ്ചുകാർ കമ്പോഡിയ ഭരിച്ചിരുന്ന കാലത്തു് 1941 ലാണു് 18 വയസ്സായ നൊറഡംസിഹനൌക്കിനെ കമ്പോഡിയയുടെ രാജാവാക്കിയതു്. ഫ്രെഞ്ചുകാരുടെ കരുണകൊണ്ടു് സ്ഥാനം കിട്ടിയ രാജകുമാരൻ ആരംഭത്തിൽ ഫ്രെഞ്ച് ഭരണത്തിനു് എതിരായിരുന്നില്ല. പക്ഷെ കമ്പോഡിയയിലുൾപ്പടെ ഇന്തോചീനയിലൊന്നാകെ ഫ്രഞ്ച്‌വിരുദ്ധദേശീയപ്രസ്ഥാനം ശക്തിപ്രാപിച്ചപ്പോൾ, നേതൃത്വം നിലനിർത്താനുള്ള ഏകമാർഗ്ഗം ഫ്രാൻസിൽനിന്നു സ്വാതന്ത്ര്യം നേടാനുള്ള ശ്രമത്തിൽനിന്നു മററു ദേശീയ ശക്തികളെ തടഞ്ഞുനിർത്തുകയാണെന്നു് സിഹനൌക്ക് രാജകുമാരൻ മനസ്സിലാക്കി. മററുനാട്ടുരാജാക്കന്മാരേക്കാൾ പ്രസിദ്ധനാണ് താനെന്നു് സിംഹാനൌക്ക് ഇതു വഴി തെളിയിച്ചു. സ്വന്തം നാട്ടുകാർക്കെതിരായി കൊളോണിയൽ ശക്തിയുമായി യോജിച്ചുനിന്നു അവരുടെക്രൂടെക്കൂടി ഒത്തുതീർപ്പുകളുണ്ടാക്കുകയാണ് മററുനാട്ടുരാജാക്കന്മാർ ചെയ്തതു്. വിയററ്മീനും ഹമേർ ഇസാറക്കും പിന്തുടർന്നരീതിയിൽ ദേശീയ പ്രസ്ഥാനത്തെ അക്രമമാർഗ്ഗത്തിലേക്കു തിരിയാൻ അനുവദിച്ചാൽ, നേതൃത്വം തന്റെ കയ്യിൽനിന്നു വിട്ടുപോകുമെന്നു സിഹനൌക്ക് മനസ്സിലാക്കി. പിന്നീട് കമ്പോഡിയർക്കു ഫ്രാൻസിന്റെ സഹായമൊന്നും ലഭിക്കുകയില്ലെന്നും രാജകുമാരൻ വിചാരിച്ചു. സ്വാതന്ത്ര്യത്തിനുശേഷം, തന്റെ പിന്നോക്കരാജ്യംവികസിപ്പിക്കുന്നതിനുഫ്രാൻസിന്റെ സഹായം ആവശ്യമാണെന്നും

**ശേഷം 13-ാംപേജിൽ**

## എഴുതാപ്പുറം

മരിച്ചുകൊണ്ടിരിക്കുന്ന മതത്തെ മോചിപ്പിക്കാനുള്ള വൃഥാശ്രമം പലയിടത്തും നടക്കുന്നുണ്ട്. പന്മനയാശ്രമത്തിൽ അയ്യപ്പസേവാസംഘത്തിന്റെ രജതജൂബിലിയാഘോഷത്തോടനുബന്ധിച്ച് സർവ്വമതസമ്മേളനം നടത്തിയതും വൃഥാശ്രമത്തിലൊന്നാണ്. എന്തെങ്കിലും പ്രയോജനം സർവ്വമത സമ്മേളനം കൊണ്ട് ഉണ്ടായതായി അതിന്റെ ഭാരവാഹികൾക്കു പോലും ചൂണ്ടിക്കാണിക്കാനാവില്ല. അതിലൊട്ട് അത്ഭുതവുമില്ല. കാരണം മതം കൊണ്ടും തന്നെ ഒരു പ്രയോജനവും ലോകത്തിനുണ്ടായിട്ടില്ല.

പക്ഷെ മതം മനുഷ്യരക്തം ചിന്തുകയും ഭിന്നിപ്പിക്കുകയും മനുഷ്യന്റെ ചിന്താശക്തി നശിപ്പിക്കുകയും ചെയ്തതിനു നിരവധി ഉദാഹരണങ്ങൾ ചരിത്രത്തിലുണ്ട്. പന്മനയാശ്രമത്തിലെ മതസമ്മേളനത്തിലും അർത്ഥശൂന്യമായ ഭിന്നിപ്പ് കാണാൻ വിഷമമൊന്നുമില്ല. സർവ്വമത സമ്മേളനത്തിന്റെ പ്രാരംഭ സമ്മേളനം ഉൽഘാടനം ചെയ്തുകൊണ്ട് ഡോക്ടർ നടരാജഗുരു പറഞ്ഞു.,,

മതങ്ങൾക്ക് ആചാരാനുഷ്ഠാനങ്ങളുടേതായ ഒരു വശവും വിശ്വാസപ്രമാണങ്ങളുടേതായ മറ്റൊരു വശവുമാണുള്ളത്. വിശ്വാസ പ്രമാണങ്ങളെ ഏകീകരണ ക്ഷമമാക്കി അതിലൂടെ വിവിധ മതങ്ങളിലെ വൈരുദ്ധ്യങ്ങളെ സമന്വയിക്കുകയാണ് ഇന്നു അത്യന്താപേക്ഷിതമായിട്ടുള്ളത്. ഈ സമന്വയപ്രക്രിയയിൽ അനിവാര്യമായിട്ടുള്ളത് മനുഷ്യമേധയിൽ ഉടലെടുത്ത ആശയങ്ങളെ വിശ്വാസ പ്രമാണങ്ങളായി അവതരിപ്പിക്കുന്നതിനു അവയുടെ ഉപനേതാക്കൾ അവലംബിച്ച സാർവ്വജനീനമായ ഭാഷയെപ്പറ്റി വ്യക്തമായ ധാരണയുണ്ടാക്കുകമാത്രമാണ്''.

താനൊരു മതവിശ്വാസിയെന്ന നിലയിലല്ലാ സമ്മേളനം ഉൽഘാടനം ചെയ്യാനെത്തിയിട്ടുള്ളതെന്നു പ്രസ്താവിച്ചുകൊണ്ടാണ് നടരാജഗുരു ഇങ്ങനെ പറഞ്ഞത്. വിവിധ മതങ്ങളിൽ തമ്മിൽ വൈരുദ്ധ്യങ്ങളുണ്ടെന്നു അദ്ദേഹം സമ്മതിക്കുന്നു. മതങ്ങൾക്കു ആചാരാനുഷ്ഠാനങ്ങളുടെ വശവും വിശ്വാസപ്രമാണങ്ങളുടെ വശവുമുണ്ടെന്നാണ് നടരാജഗുരു പറയുന്നത്. ആചാരാനുഷ്ഠാനങ്ങളെ മാറ്റിനിർത്തിയാൽ പിന്നെ മതത്തിനു ബാക്കിയൊന്നുമുണ്ടാകുകയില്ലെന്നതാണ് യാഥാർത്ഥ്യം. കാരണം പൂജാ രീതികളും ആരാധനാ സമ്പ്രദായവും നോയമ്പും വ്രതവും ക്ഷേത്രങ്ങളും പള്ളികളും ഒക്കെയാണ് മതത്തെ നിലനിർത്തുന്നത്. ഇതാണ് മതത്തിന്റെ രൂപം. ഇവയില്ലാത്ത മതം ശരീരമില്ലാതെ ആത്മാവ് നില്ക്കുന്നുവെന്നു മതക്കാർ പറയുന്ന വിഡ്ഢിത്തത്തിന്റെ മറ്റൊരു രൂപം തന്നെയാണ്.

ഒരേ മതത്തിൽ വിശ്വസിക്കുന്നുവെന്നു പറയുന്ന ഏതെങ്കിലും രണ്ടാൾക്കു പൊതുവായ വിശ്വാസം കണ്ടെത്താൻ പ്രയാസമായിരിക്കും. നടരാജഗുരു തന്നെ പ്രതിനിധാനം ചെയ്യുന്ന ഹിന്ദുമതത്തിൽ ഏതെങ്കിലും രണ്ടു പേർ ഒരേ വിശ്വാസക്കാരായി ഉണ്ടാകുമോ? ക്ഷേത്രത്തിലേക്കു തീർത്ഥയാത്ര നടത്തി ശരണം വിളിച്ചു ചെല്ലുന്ന ലക്ഷക്കണക്കിനു ശബരിമല ഭക്തന്മാരിൽ ആർക്കെങ്കിലും പൊതുവായ ഒരു മത വിശ്വാസം ഉണ്ടെന്നു യുക്തിപൂർവ്വം തെളിയിക്കാൻ കഴിയുമോ? പോകട്ടെ അയ്യപ്പസേവാസംഘം പ്രസിഡന്റ് എം. കെ. കെ. നായരും നവീന അയ്യപ്പഭക്തോത്തമൻ സി. എൻ. ശ്രീകണ്ഠൻനായരും, തുട കീറിപ്പിറന്നയാളാണ് ശാസ്താവെന്നു വിശ്വസിക്കുന്നവരാണോ? ശിവനും മോഹിനിയും കൂടി നടത്തിയ ലൈംഗിക ലീലകളെക്കുറിച്ച് ഉടുക്കുകൊട്ടിപ്പാട്ടു നടത്തി കലിതുള്ളി മലകയറിവരുന്ന പാവപ്പെട്ടവരിൽ എത്രയോ പേർ അങ്ങിനെ വിശ്വസിക്കുന്നവരായുമുണ്ട്.

സത്യംഅതൊന്നുമല്ല. മതത്തിന്റെ ആചാരങ്ങളിലും അനുഷ്ഠാനങ്ങളിലും വിശ്വാസപ്രമാണങ്ങളിലും ശാസ്ത്രീയവീക്ഷണത്തിനുനിരക്കുന്ന ഒന്നുമില്ല. ഒരേ മതത്തിൽപ്പെട്ടവരുടെ വിശ്വാസങ്ങളിൽപ്പോലും അന്വേഷിച്ചു ചെന്നാൽ കണ്ടെത്താവുന്ന പൊതുപ്രമാണം കിട്ടുകയില്ല. ക്രിസ്തുവിൽ വിശ്വസിക്കുന്ന അനേകം ക്രിസ്ത്യാനികളുണ്ട്. പക്ഷെ, ദൈവത്തിന്റെ മകനായി ക്രിസ്തു ജനിച്ചുവെന്നോ ക്രിസ്തു അത്ഭുതം കാണിച്ചുവെന്നോ വിശ്വസിക്കാത്ത ക്രിസ്ത്യാനികളേയും കാണാം. ശാസ്ത്രീയതയുടെയും യുക്തിചിന്തയുടേയും ഈ യുഗത്തിൽ നിൽക്കക്കള്ളിയില്ലാതായ മതം ഇപ്പോൾ പൊതുവിശ്വാസത്തെ തേടി നടക്കുന്നുവെന്നു മാത്രമേയുള്ളു.

മതസമ്മേളനത്തിൽ തിരുവനന്തപുരം ആർച്ച് ബിഷപ്പ് ബെനഡിക്ട് മാർ ഗ്രിഗോറിയോസ് ചെയ്ത പ്രസംഗം തന്നെ ഇത് വ്യക്തമാക്കുന്നുണ്ട്. "ഓരോ മതക്കാരും തന്റെ മതത്തിൽ കിടയറ്റ എന്തോ ഉള്ളതായി വിശ്വസിക്കുന്നുണ്ടെന്നിരിക്കെ, ഈ വിധമൊരു പാർലിമെന്റ് മതേതരമായിരിക്കുക സാദ്ധ്യമല്ലെ'ന്നു ആർച്ച് ബിഷപ്പ് പറഞ്ഞിരിക്കുന്നു. ആർച്ച് ബിഷപ്പ് പറഞ്ഞതു് യാഥാർത്ഥ്യമാണ്. ഒറ്റ മതവിശ്വാസിക്കും യഥാർത്ഥ മതേതരവാദിയാകുക സാദ്ധ്യമല്ല. (മലയാള രാജ്യം മെ 5, ചൊവ്വാഴ്ച) ആർച്ച് ബിഷപ്പ് ഗ്രിഗോറിയോസിനും സാദ്ധ്യമല്ല. അയ്യപ്പസേവാസംഘം നടത്തുന്ന മതപാർളിമെന്റ് മതേതരമാകുകയില്ലെന്നാണല്ലോ ആർച്ച് ബിഷപ്പ് പറഞ്ഞതിന്റെയർത്ഥം. ശരിയാണ്. ഏതെങ്കിലും മതത്തിൽ വിശ്വസിക്കുന്നയാൾ മറ്റു മതങ്ങളുടെ വിശ്വാസങ്ങൾക്കെതിരാകാതെ തരമില്ല. അതാണു വിശ്വാസങ്ങളും നിഗമനങ്ങളും തമ്മിലുള്ള അന്തരം. വിശ്വാസം അടിസ്ഥാനരഹിതമാണ്. നിഗമനം യുക്തിപൂർവ്വമുള്ളതാണ്. മതം വിശ്വാസത്തെ അടിസ്ഥാനമാക്കിയുള്ളതാകയാൽ അടിസ്ഥാനരഹിതമാകുന്നു.

മാർഗ്രിഗോറിയോസിന്റെ പ്രസംഗത്തിനിടയിൽ ഒരു സത്യം പറഞ്ഞുപോയെങ്കിലും അദ്ദേഹം മതസൌഹാർദ്ദമെന്ന കാപട്യത്തിനുവേണ്ടി വാദിക്കുന്നുണ്ട്. വത്തിക്കാൻ റേഡിയോ 1969ലെ റംസാനോടനുബന്ധിച്ച 'ആശംസകൾ അർപ്പിക്കുകയും ക്രിസ്തുമസ്സ് വേളയിൽ മുസ്ലീമുകൾ അതിനു മറുപടിയെന്നോണം അഭിവാദനം അർപ്പിക്കുകയും ചെയ്തു വെന്നു അദ്ദേഹം അനുസ്മരിപ്പിക്കുകയുണ്ടായി. ഇങ്ങനെ പുറമെക്കുള്ള ചില ഭംഗിവാക്കുകളിൽ കവിഞ്ഞു ആർച്ച്ബിഷപ്പിന്റെ മത സൌഹാർദ്ദത്തിനർത്ഥമില്ലെന്നു കാണാൻ കുരിശുയുദ്ധങ്ങളുടെ ചരിത്രത്തിലേക്കൊന്നും പോകേണ്ടതില്ല. നൈജീരിയയിൽ 1969ൽ നടന്ന അഭ്യന്തരയുദ്ധം തന്നെ അതിനു സാക്ഷ്യം വഹിക്കും. നൈജീരിയൻ ഫെഡറേഷനിൽ മുസ്ലീമുകൾക്കാണു ഭൂരിപക്ഷമെന്നതുകൊണ്ട് ബായഫ്രയിലെ ക്രിസ്ത്യാനികളെ അഭ്യന്തര യുദ്ധത്തിനും സ്വാതന്ത്ര്യപ്രഖ്യാപനത്തിനും പ്രേരിപ്പിച്ചതിൽ ക്രിസ്തീയ മിഷണറിമാർക്കു പങ്കുണ്ടായിരുന്നു. മാർപ്പാപ്പ തന്നെ ബായഫ്രയിലെ ക്രിസ്ത്യാനികളുടെ പേരിൽ കണ്ണീരൊഴുക്കുകയുണ്ടായി. ദൂരെയെങ്ങും പോകാതെ നമ്മുടെ കൊച്ചു കേരളത്തിലെ മട്ടാഞ്ചേരിയിൽ കഴിഞ്ഞയാഴ്ച നടന്നതും ഈ മതസൌഹാർദ്ദത്തിന്റെ കാപട്യം തുറന്നു കാണിക്കുന്ന സംഭവമായിരുന്നു.

പന്മനയിൽ മതമേധാവികൾ ഒന്നിച്ചു ചേർന്നു എല്ലാ മതങ്ങളിലേയും സത്യമൊന്നാണെന്നു പ്രഖ്യാപിച്ച് കപടനാടകമാടുന്നയവസരത്തിൽ തന്നെ മട്ടാഞ്ചേരിയിൽ

ക്രിസ്ത്യാനികളും മുസ്‌ലീമുകളും പരസ്പരം പടയൊരുക്കം നടത്തുകയായിരുന്നുവെന്നത് ശ്രദ്ധിക്കേണ്ടതാണ്. ഏതോ രണ്ട് മുസ്‌ലീമുകളെ കള്ളുകുടിച്ച് ലക്കില്ലാതായ ചിലർ—അവർ ക്രിസ്ത്യാനികളാണെന്നാണ് പറയുന്നത്—കുത്തിക്കൊന്നതിന്റെ പേരിലാണ് മട്ടാഞ്ചേരിയിൽ ഭീകരാവസ്ഥ നടമാടിയത്. അയ്യപ്പസേവസംഘക്കാർ സർവ്വമത സമ്മേളനം ആഘോഷിക്കുമ്പോൾ മട്ടാഞ്ചേരിയിൽ 144 പ്രഖ്യാപിച്ചിരിക്കുകയായിരുന്നു. ക്രിസ്ത്യാനികൾക്ക് ഭൂരിപക്ഷമുള്ളിടത്ത് നിന്നു മുസ്‌ലീമുകളെ നിർബന്ധിച്ച് കുടിയിറക്കിപ്പറഞ്ഞയച്ചു. അതേപോലെ തന്നെ മുസ്‌ലീമുകൾക്ക് ഭൂരിപക്ഷമുള്ളിടത്ത് നിന്നു ക്രിസ്ത്യാനികളും കുടിയിറക്കപ്പെട്ടു. ഇരു കൂട്ടരും സംഘം തിരിഞ്ഞ് "എതിരാളി"കളുടെ നേരെ ആക്രമണം നടത്താൻ തയാറായി തെരുവിൽ അലഞ്ഞുനടന്നു. സർവ്വമതസമ്മേളനത്തിലാരും തന്നെ ഇതിനെപ്പററി പറഞ്ഞുകേട്ടില്ല.

ഓരോ മതക്കാരനും തന്റെ മതത്തിൽ കിടയററതായി എന്തോ ഉണ്ടെന്നു വിശ്വസിക്കുന്നുണ്ടെന്നിരിക്കെ, പാർലിമെൻറ് മതേതരമായിരിക്കയില്ലെന്നു പ്രഖ്യാപിച്ച തിതവനന്തപുരം ആർച്ച് ബിഷപ്പ് തന്നെ മറെറാരിടത്ത് പറയുന്നതു് യഥാർത്ഥ മതം മനുഷ്യനെ ഒന്നാകെ പരിഗണിക്കുന്നുവെന്നാണ്. ചരിത്രത്തിന്റെ ഗതിയിൽ മതം ദുർവ്യാഖ്യാനം ചെയ്യപ്പെട്ടതുകൊണ്ട് ചില ദൂഷ്യഫലങ്ങൾ ഉളവാക്കിയിട്ടുണ്ടെങ്കിലും ഒന്നിന്റെ തിന്മയുടെ അടിസ്ഥാനത്തിലല്ലാ അതിനെ വിലയിരുത്തേണ്ടതെന്നു അദ്ദേഹം അഭിപ്രായപ്പെട്ടിരിക്കുന്നു.

മനുഷ്യനെ ഒന്നാകെ പരിഗണിക്കുന്ന യഥാർത്ഥമതം എവിടെയെങ്കിലും ഉണ്ടായിട്ടുണ്ടെന്നോ എന്തെങ്കിലും ഉണ്ടാകുമെന്നോ അദ്ദേഹം പറഞ്ഞിട്ടില്ല. പറയാനൊട്ടാവുകയുമില്ല. മനുഷ്യനെ ഒന്നാകെ യഥാർത്ഥ മതം പരിഗണിക്കുന്നുവെന്നു പറയുന്നതിന്റെയർത്ഥം എല്ലാവരും അതു് പറയുന്നയാളുടെ മതം സ്വീകരിക്കണമെന്നാണ്. മതം ദുർവ്യാഖ്യാനം ചെയ്യപ്പെടുന്നതാണത്രെ കുഴപ്പത്തിനു കാരണം. ആരാണ് ദുർവ്യാഖ്യാനം ചെയ്യുന്നതു്. ഒന്നുകിൽ ആർച്ച് ബിഷപ്പിന്റെ കൂട്ടുകാരായ മതമേധാവികൾ, അതല്ലെങ്കിൽ മതവിശ്വാസികൾ. രണ്ടുപേർക്കും അതു് ചെയ്യാതെ നില നിൽപ്പില്ല. കാരണം മതം തന്നെ ദുർവ്യാഖ്യാനമാണ്. തിന്മയുടെയടിസ്ഥാനത്തിൽ മതത്തെ വിലയിരുത്തരുതെന്നും അദ്ദേഹത്തിനു അഭിപ്രായമുണ്ട്. എന്തെങ്കിലും നന്മ മതം കാരണം ഉണ്ടായിട്ടുള്ളതായി ചൂണ്ടിക്കാണിക്കാൻ കഴിയുമോ? ചരിത്രത്തെ വസ്തുനിഷ്ഠമായി പഠിക്കുന്നയാർക്കും തന്നെ മതം തിന്മയല്ലാതെ നന്മ ചെയ്തുവെന്നു ചൂണ്ടിക്കാണാനാവില്ല.

മതം ഉണ്ടായിട്ടു തന്നെ മനുഷ്യർ ഇങ്ങനെ ക്രൂരമായിപ്പെരുമാറുന്നുവെന്നും മതമില്ലായിരുന്നെങ്കിൽ മനുഷ്യർ ഇതിനേക്കാൾ എത്രയോ നീചമായിപ്പെരുമാറുമായിരുന്നുവെന്നും മതവാദികൾ വാദിച്ച് കേൾക്കാറുണ്ട്. ഇത് പോലീസ്കാരനുള്ളതുകൊണ്ട് മനുഷ്യർ കക്കാതിരിക്കുന്നു എന്നു പറയുന്നതു പോലെയാണ്.

അവസാനം തിരുവനന്തപുരം ആർച്ച് ബിഷപ്പ് മതത്തിനു പുതിയൊരു ചുമതല കണ്ടെത്തിയിട്ടുണ്ട്. "ഇന്നാട്ടിലെ 70 ശതമാനത്തോളം വരുന്ന പട്ടിണിപ്പാവങ്ങൾക്ക് ആശ്വാസമരുളുന്നതിനുള്ള പരിപാടികൾ ആസൂത്രണം' ചെയ്യണമെന്നാണ് അദ്ദേഹത്തിന്റെ ആഹ്വാനം. മെയ്യനങ്ങാതെ, പ്രയോജനപ്രദമായ യാതൊന്നും ചെയ്യാതെ, കൊട്ടാരങ്ങളിലും അരമനകളിലും പട്ടുമെത്തകളിൽ കഴിയുകയും വിദേശങ്ങളിൽ നിന്നിറക്കുമതി ചെയ്ത മിന്നുന്ന കാറുകളിൽ സഞ്ചരിക്കുകയും ചെയ്യുന്ന ഇത്തരം ദൈവദൂതന്മാർ പാവങ്ങളെ സേവിക്കാൻ പുറപ്പെടുന്നതും വഞ്ചന തന്നെയാണ്. ക്രിസ്തുമതത്തിന്റെ ആതുരസേവന ചരിത്രമെല്ലാം വളരെ പൊക്കിപ്പിടിച്ച് വാഴ്ത്തപ്പെടാറുണ്ട്. ആശുപത്രികളും വിദ്യാലയങ്ങളും സ്ഥാപിച്ചതിന്റെ കഥകളും ക്രിസ്തീയ മതമേധാവികൾ പറഞ്ഞു കേൾക്കാം. ഉള്ളിലുള്ള അസൂയയും വർഗ്ഗീയതയും മറച്ചുപിടിച്ച് ക്രിസ്തീയ പാതിരിമാരുടെ സേവനത്തെ ഇതര മതക്കാരും പ്രശംസിക്കുന്നതു കേൾക്കാറുണ്ട്. എന്നാൽ ആരും ഓർക്കാത്ത സത്യം അപ്പുറത്തുണ്ട്. ആയിരത്തിലേറെക്കൊല്ലം ക്രിസ്തീയമതമേധാവികൾ യൂറോപ്പിൽ പാവപ്പെട്ട ജനങ്ങൾക്കെതിരായി നടത്തിയ ചൂഷണത്തിന്റേയും മർദ്ദനത്തിന്റേയു. കഥയാണത്. ക്രിസ്തു ആതുരസേവനം പഠിപ്പിക്കുന്നുവെന്നു മുമ്പൊന്നും മതമേധാവികൾക്ക് അറിയാമായിരുന്നില്ലേ? യഥാർത്ഥത്തിൽ മതമേധാവികളുടെ ചൂഷണത്തിനെതിരായി പ്രൊട്ടസ്റ്റൻറ് പ്രസ്ഥാനം ഉടലെടുക്കുകയും ശാസ്ത്രീയ നേട്ടങ്ങളുടെ പശ്ചാത്തലത്തിൽ യുക്തിയുടെ യുഗം പിറക്കുകയും ചെയ്തപ്പോൾ മതമേധാവികൾ അസ്തിത്വം ന്യായീകരിക്കുന്നതിനു കണ്ടെത്തിയ ഉപായമാണ് ആതുരസേവനം. അതുകൊണ്ട് തന്നെയാണ് ഒരു ഇരുനൂറു കൊല്ലത്തിൽ കൂടുതൽ പഴക്കമുള്ള ഒററ ക്രിസ്തീയ ആതുര സേവന സ്ഥാപനവും ലോകത്തിലില്ലാത്തതു്. മതം പാവപ്പെട്ടവരെ സേവിച്ചിട്ട് ഇനി ലോകത്തിനൊരു ഗുണവുമുണ്ടാകാൻ പോകുന്നില്ല തന്നെ.

യുക്തിപൂർവ്വമായ വലിയ തത്വചിന്തയൊന്നുമില്ലാതെ കൃസ്തുവിനേയും ക്രിസ്തുവിന്റെ ജീവിതത്തേയും അടിസ്ഥാനമാക്കി നില നിൽക്കാൻ ശ്രമിക്കുന്ന ക്രിസ്തുമത മേധാവികൾ ആതുരസേവനം വഴി മതത്തിന്റെ നിലനില്പ് ന്യായീകരിക്കാൻ ശ്രമിക്കുമ്പോൾതന്നെ പന്മനയിൽക്കൂടിയ ഹിന്ദുസന്യാസിമരും പണ്ഡിതന്മാരും ജ്ഞാനവും യോഗവും മററും പ്രസംഗിച്ചിട്ടുണ്ട്. മനുഷ്യജീവിതത്തിന്റെ ശാസ്ത്രീയ ഗ്രന്ഥമാണ് ഭഗവത് ഗീതയെന്നു വിശേഷിപ്പിച്ചുകൊണ്ടാണ് സ്വാമിആത്മാനന്ദന്റെ പ്രസംഗം "സത്വരജസ്തമോ ഗുണങ്ങളെ വേറിട്ടു കാണിച്ചുകൊണ്ട് മനുഷ്യ ഗുണാതീതമായ ഒരവസ്ഥ'ഭഗവത്'ഗീത നിർദ്ദേശിക്കുന്നു വെന്നാണ് ആത്മാനന്ദയുടെ അഭിയം "ഹിന്ദുവായാലും ക്രിസ്ത്യാനിയായാലും മുസ്ലീംആയാലുംഅവരല്ലൊം മനുഷ്യരായിക്കാണണമെന്നും ആ സമീപന രീതി ചട്ടമ്പി സ്വാമികളും ശ്രീനാരായണ സ്വാമികളും നിർദ്ദേശിച്ചിട്ടുണ്ടെന്നമാണ് അദ്ദേഹം പറയുന്നത്. സ്വാമിയുടെ പ്രസംഗത്തിൽ എന്തോ കുററ സമ്മതമുള്ളതുപോലെത്തോന്നുന്നില്ല. മതത്തിന്റെയടിസ്ഥാനത്തിൽ മനുഷ്യർ അകററിനിർത്തപ്പെട്ടതിന്റെ അപരാധം തുറന്നു സമ്മതിക്കാൻ സ്വാമി തയ്യാറാകുന്നില്ലെന്നേയുള്ളൂ. മൃഗങ്ങളെയാരാധിക്കുകയും മനുഷ്യരെ തൊട്ടു കൂടാത്തവരായി കണക്കാക്കുകയും ചെയ്ത മതത്തെ തത്വചിന്ത കൊണ്ട് രക്ഷപ്പെടുത്താനുള്ള വെമ്പൽ മററു ഹിന്ദുസന്യാസികളുടെ പ്രസംഗങ്ങളിലെപ്പോലെ സ്വാമിയുടെ പ്രസംഗത്തിലും കേൾക്കാം

ഈശ്വരനെ അനുസരിക്കലാണ് ഇസ്‌ലാമിന്റെ സന്ദേശമെന്നു ഖുറാനെപ്പററി പ്രസംഗിച്ച എം. മുഹമ്മദ് യൂസഫ് അനുസ്മരിപ്പിക്കുകയുണ്ടായി. (മലയാളരാജ്യം—മെയ് 6 ബു[illegible]ൻ) കേൾക്കുമ്പോൾ തന്നെ 'ഇവനേതു് ഈശ്വരനെടാ'യെന്നു ആരും ചോദിച്ചുപോകും. ദൈവത്തിനു പരിപൂർണ്ണമായി കീഴടങ്ങണമെന്നതാണത്രെ ഖുറാന്റെ സന്ദേശം. ഇങ്ങനെയടക്കി വാഴാൻ ശ്രമിക്കുന്ന ഈശ്വരനെ കണ്ടുകിട്ടിയാൽ കരണക്കുററി നോക്കി രണ്ടു

[ശേഷം 11-ാം പേജിൽ]

# 8 ശുണ്ഠിക്കാരനായ യുവമതേതരത്വവാദി ഒരു കൂടിക്കാഴ്ച

## ദിലീപ് ചിത്രേ

പന്ത്രണ്ട് വർഷം മുമ്പ് ഒരു മറാഠി മാസികയുടെ തിങ്ങിനിറഞ്ഞ പഴഞ്ചൻ ഓഫീസ് മുറിയിൽവെച്ചാണ് ഞാൻ ഹമീദ് ദൽവായിയെ കണ്ടത്. ആ സമയത്ത് അദ്ദേഹം ഒരു ചെറുകഥാകൃത്തെന്ന നിലയിൽ അറിയപ്പെട്ടു തുടങ്ങിയിരുന്നു. എനിക്കു പ്രായം കുറവുമായിരുന്നു. സാഹിത്യവൃത്തങ്ങളിൽ മിക്കവാറും അജ്ഞാതനുമായിരുന്നു. പ്രസിദ്ധീകരിച്ചിട്ടില്ലാത്ത എന്റെ ലേഖനങ്ങൾ കൊണ്ടു നടക്കുന്നത് അന്ന് എന്റെ പതിവായിരുന്നു. (സാഹിത്യ വർഗ്ഗത്തിൽ കൊണ്ട്നടക്കാൻ ഏററവും എളുപ്പമുള്ള കവിതകളാണ് ഞാൻ എഴുതിയിരുന്നത്. അതുകൊണ്ട് കൊണ്ടുനടക്കാൻ എളുപ്പമായിരുന്നു.) കഫൻ ചോർ (മൃതശീല കക്കുന്നവൻ) എന്ന പേരിൽ അദ്ദേഹം ഉജ്വലമായ ഒരു ചെറുകഥ പ്രസിദ്ധീകരിച്ചിട്ടുമുണ്ടായിരുന്നു.

കാഴ്ചക്കു അദ്ദേഹം വളരെയൊന്നും മാറിയിട്ടില്ല. പക്ഷെ, എന്റെ നേരിയ ഓർമ്മയിൽ അന്ന് അദ്ദേഹത്തിനു നീണ്ട താടിയുണ്ടായിരുന്നു. ഞാനും താടി വളർത്തിയിരുന്നു. പക്ഷെ, അദ്ദേഹത്തിന്റെ താടിക്കു മറെറാരു തരം പ്രാധാന്യമാണുണ്ടായിരുന്നത്. ചിപ്‌ലുൻ ഉച്ചാരണരീതിയിൽ ആധികാരികമായിട്ടാണ് അദ്ദേഹം മാറാഠി സംസാരിച്ചിരുന്നതെങ്കിലും അദ്ദേഹം മുസ്‌ലീമായിരുന്നു. നല്ല ഒഴുക്കുള്ള മറാഠി വായിച്ചിട്ട്, അദ്ദേഹത്തിന്റെ ചില വായനക്കാർ വിചാരിച്ചത് 'ഹമീദ് ദൽവായ്' എന്നത് തൂലികാനാമമാണെന്നാണ്. ഇതും നല്ലവണ്ണം പരിഗണിക്കേണ്ട കാര്യമാണ്, എന്റെ ഓർമ്മ ശരിയാണെങ്കിൽ, ഞാൻ അദ്ദേഹത്തെ ആദ്യമായി കണ്ടയവസരത്തിൽ മറെറാരു മറാഠി ലേഖകൻ തമാശയായി നടത്തിയ അഭിവാദനമാണ്. 'ഹായ യവനൻ' എന്ന് അഭിവാദനം ചെയ്ത കാര്യമാണ് എന്റെ ശ്രദ്ധയാകർഷിച്ചത്. ഗ്രീക്കുകാരെയാണ് മുമ്പ് യവനർ എന്നു വിളിച്ചിരുന്നത്. പക്ഷെ, ഹിന്ദുപുനരുദ്ധാരണത്തിനു ശേഷം മുസ്‌ലീമുകളെയാണ് ആ വാക്കുകൊണ്ട് വിശേഷിപ്പിക്കുന്നത്. മറാട്ടിയിലെങ്കിലും അങ്ങിനെയാണ്. 'യവനൻ' തെമ്മാടിയായ വിദേശിയാണ്– വിശ്വസിക്കാൻ കൊള്ളാത്ത പുറം നാട്ടുകാരനാണ്. അഭിവാദനം തമാശയായി നടത്തിയതായിരുന്നു. പക്ഷെ അത് മനസ്സിൽ വെക്കേണ്ട കാര്യമാണ്.

★ മുസ്ലീം പോളിററിക്സ്
ഇൻ ഇന്ത്യ

ഹമീദ് ദൽവായ്
നചികേത
പബ്ളിക്കേഷൻസ്
സ്‌ലീറർ റോഡ്,
ബോംബേ–7.

(കഴിഞ്ഞ ലക്കത്തിൽ നിന്നു തുടർച്ച)

കഴിഞ്ഞ പന്ത്രണ്ട് വർഷങ്ങളിൽ, ഞങ്ങളെ രണ്ടു പേരെ സംബന്ധിച്ചിടത്തോളം പല മാററങ്ങളുമുണ്ടായി. സർഗ്ഗാത്മക സാഹിത്യവും നിരൂപണവും എഴുതുന്ന തിരക്കായിരുന്നു എനിക്ക്. ഹമീദ് ദൽവായിയാകട്ടെ കൂടുതൽ അപകടകരവും അടിയന്തിരവുമായ സാമൂഹ്യ സാംസ്കാരിക കടമകൾ നിർവ്വഹിക്കുന്നതിൽ വ്യാപൃതനായിരുന്നു. ഇന്ത്യയിലെ മുസ്‌ലീമുകളിൽ ആധുനികവും മതേതരവുമായ ജനാധിപത്യ ബോധമുണ്ടാക്കുകയെന്ന പരിപാടി നടത്തിക്കൊണ്ടിരിക്കുകയാണ് അദ്ദേഹം. മിക്കവാറും ഏകനായി അദ്ദേഹം നടത്തുന്ന ആശ്ചര്യകരമായ യജ്ഞമാണിത്. അതുകൊണ്ട് ഇപ്പോൾ ഹിന്ദുക്കളെ സംബന്ധിച്ചിടത്തോളം 'യവനൻ' എന്ന നിലക്കുപുറമെ, യാഥാസ്ഥിതിക മുസ്‌ലീമുകൾ അദ്ദേഹത്തിനു കാഫിർ എന്ന പദവിയും നൽകിയിട്ടുണ്ട്. സർഗ്ഗാത്മകസാഹിത്യം അദ്ദേഹം തീരെ ഉപേക്ഷിച്ചിട്ടില്ല. പക്ഷെ ഇന്നു ഇന്ത്യയിലൊട്ടാകെ ഹിന്ദു-മുസ്‌ലീം സദസ്സുകളിൽ പ്രസംഗിക്കാനാണ് അദ്ദേഹം മിക്കസമയവും ചെലവാക്കുന്നത്. ചെറുപ്പക്കാരായ മുസ്‌ലീമുകളെ കണ്ട് അദ്ദേഹം സംസാരിക്കുന്നു. എല്ലാത്തരം ചർച്ചകളിലും വിവാദങ്ങളിലും അദ്ദേഹം ഏർപ്പെടുന്നു. മുസ്‌ലീം വ്യക്തി നിയമം നവീകരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടു ബോംബെയിൽ മുഖ്യമന്ത്രിയുടെ മുമ്പിൽ മുസ്‌ലീം സ്ത്രീകളുടെ പ്രകടനം നയിച്ചതു് അദ്ദേഹമാണ്. പൂനയിൽ ഇതേപോലെ നടത്തിയ പ്രകടനം കൂടുതൽ വലുതായിരുന്നു. കൂടുതൽ ഫലവത്തായിരുന്നു. കൂട്ടത്തിൽ പറയട്ടെ, മഹാരാഷ്ട്ര മുഖ്യമന്ത്രി നിവേദക സംഘത്തെ കണ്ട് സംസാരിക്കുകയുണ്ടായി. പക്ഷെ ഒരു സ്ത്രീയായ ഇന്ത്യയുടെ പ്രധാനമന്ത്രി പൂനയിൽ പ്രകടനം നയിച്ച സ്ത്രീയോട് അൽപ്പ നിമിഷം സംസാരിക്കാൻ കൂടി വിസമ്മതിച്ചു!

മുപ്പതിനും നാല്പതിനുമിടക്ക് പ്രായം വരുന്ന ഹമീദ് കാഴ്ചക്ക് അതിലും ചെറുപ്പമാണ്. തത്വമെന്ന നിലയിൽതന്നെ അദ്ദേഹം ഇപ്പോൾ പൂർണ്ണമായി താടി വടിക്കാറുണ്ട്. ഷോലാപ്പൂരിൽ ഒരു പൊതുയോഗത്തിൽവെച്ച് തനിക്ക് അധികാരമുണ്ടായിരുന്നെങ്കിൽ എല്ലാ മുസ്‌ലീമുകളേയും നിർബ്ബന്ധിച്ച് താടി വടിപ്പിക്കുമായിരുന്നുവെന്നു അദ്ദേഹം പ്രസംഗിച്ചു. ചില മുസ്‌ലീമുകൾക്ക് താടി സമുദായ ചിഹ്നമായി മാറിയിട്ടുണ്ട്. മതേതരസമൂഹമെന്നു പറയപ്പെടുന്ന ഈ സമൂഹത്തിൽ ജാതിമുദ്രകൾ പ്രദർശിപ്പിച്ചു നടക്കുന്ന ചില ഹിന്ദുക്കളെപ്പോലെയാണിവർ ചെയ്യുന്നത്. പക്ഷെ, അടുത്ത ദിവസം, മറെറാരു യോഗത്തിൽ നിർബന്ധിതമായി താടിവടിപ്പിക്കണമെന്നു ഹമീദ് ദൽവായി നിർദേശിച്ചതിനെ പരമർശിച്ചുകൊണ്ട് സമർത്ഥനായ ഒരു യാഥാസ്ഥിതിക മുസ്‌ലീം പറഞ്ഞു: "നമ്മുടെ സ്നേഹിതൻ ഹമീദ് ദൽവായി ബോംബെയിൽ നിന്നുവന്ന ഒരു പണ്ഡിതനാണെന്നാണ് ധരിച്ചിരുന്നത്. പക്ഷെ ഇന്നലെ അദ്ദേഹത്തിന്റെ പ്രസംഗം കേട്ട് അദ്ദേഹം സ്വയം പ്രചരണം നടത്തുന്ന ക്ഷൌരക്കാരൻ മാത്രമാണെന്നറിഞ്ഞപ്പോൾ ഞങ്ങൾ അമ്പരന്നുപോയി…………" ഉറക്കെച്ചിരിച്ചുകൊണ്ട് ഹമീദ് തന്നെയാണ് ഈ കഥ എന്നോട് പറഞ്ഞത്.

സ്വയം പ്രവർത്തിച്ചു മുന്നേറിയ ആളാണ് ഹമീദ് ദൽവായ്. അദ്ദേഹത്തിനു സർവ്വകലാശാലാ ബിരുദമൊന്നുമില്ല. കൊങ്കൺ തീരത്തെ ഒരു ഗ്രാമത്തിൽ ജീവിക്കുന്ന വളരെ ദരിദ്രമായ കുടുംബമാണ് അദ്ദേഹത്തിന്റേത്. എന്നിട്ടും ഇന്ത്യയിൽ കർമ്മനിരതരായ ചുരുക്കം ചില നിസ്വാർത്ഥരായ ചെറുപ്പക്കാരിൽ ഒരാളാണ് അദ്ദേഹം. അദ്ദേഹത്തിന്റെ ജീവിതം തന്നെ അപകടത്തിലായി

ട്ടുണ്ട്. കുടുംബത്തിന്റെ ഭദ്രത നഷ്ടപ്പെട്ടിട്ടുണ്ട്.

അദ്ദേഹം അവസാനം എഴുതിയ 'ഇന്ധനം' എന്ന നോവൽ സ്വന്തം ഗ്രാമത്തിൽ ഒരു സംഘട്ടന പരമ്പര സൃഷ്ടിച്ചു. ഉന്നത ബ്രാഹ്മണ ജാതിയിൽ ജനിച്ച ഒരു മഹാരാഷ്ട്ര യുവതിയുടെ കഥയാണതു്. കഥ പറയുന്ന, അവിവാഹിതനായ ആളെ യുവതി വശീകരിച്ചെടുക്കാൻ ശ്രമിക്കുന്നു. അയാളുടെ വിവാഹിതനായ ജ്യേഷ്ഠനുമായി യുവതിക്കു നേരത്തെ തന്നെ നീണ്ടുനിന്ന ബന്ധമുണ്ടായിരുന്നു താനും. കഥ പറയുന്ന നായകൻ ഒരു മുസ്ലീമാണ്. ഇതു് യഥാർത്ഥത്തിൽ 'ഇന്ധനം' തന്നെയായി കലാശിച്ചു. ഹമീദ് ദൽവായിയുടെ ഗ്രാമത്തിലെ യാഥാസ്ഥിതിക മുസ്ലീമുകൾ, യാഥാസ്ഥിതിക ഹിന്ദുക്കളെ പ്രതിഷേധം പ്രകടിപ്പിക്കാൻ പ്രേരിപ്പിച്ചു. ഇരുകൂട്ടരും ചേർന്നു, യാഥാസ്ഥിതികർ ഒത്തുകൂടി, ഹമീദ്ദൽവായിയുടെ എൺപതു വയസ്സായ അച്ഛനെ ബഹിഷ്ക്കരിച്ചു. പീഡിപ്പിച്ചു. അതാണ് അശുദ്ധിയെക്കുറിച്ച് ഇന്ത്യയിലുള്ള ഭയം. 1960 കാലത്തു', വർഗ്ഗീയത നിറഞ്ഞ ഇന്ത്യയിൽ വിഭാഗീയ 'സഹവർത്തിത്വത്തിൽ' സമാന്തരമായ പരിശുദ്ധിയെക്കുറിച്ചുള്ള സങ്കൽപ്പങ്ങൾ. ബോംബെയിൽ ഹമീദ്ദൽവായിയുടെ ജീവൻ മാത്രമല്ല, ഭാര്യയുടേയും കൊച്ചുമക്കളുടേയും ജീവൻവരെ നഷ്ടപ്പെടുത്തുമെന്നു ഭീഷണിപ്പെടുത്തുന്ന ഊമക്കത്തുകൾ അദ്ദേഹത്തിനു കിട്ടി.

സാധാരണ രീതിയിലുള്ള വിദ്യാഭ്യാസമൊന്നും അദ്ദേഹത്തിനു ലഭിച്ചിട്ടില്ലെങ്കിലും നന്നായി എഴുതാനും വാദിക്കാനും അദ്ദേഹത്തിനറിയാം. അദ്ദേഹം ഒരു ബുദ്ധിജീവിയല്ല. പക്ഷെ അദ്ദേഹത്തിന്റെ ആത്മാർത്ഥത എവിടെയും തെളിഞ്ഞു കാണാം. അടുപ്പവും നർമ്മബോധവും കാരണം അദ്ദേഹത്തിന്റെ സംഭാഷണചാതുര്യം ആദരവുണ്ടാക്കുന്നു. അദ്ദേഹം ഒരു പത്രപ്രവർത്തകനായിരുന്നു. സജീവ രാഷ്ട്രീയ പ്രവർത്തകനായിരുന്നു (എസ്സ്. എസ്സ് പി) ഒരു സർഗ സാഹിത്യകാരനുമാണ്. പക്ഷെ ഈയിടെയായി ഈ വക കാര്യങ്ങൾക്കൊക്കെ അമാന്തമാണും അദ്ദേഹത്തിന്റെ പരിശ്രമം മുഖ്യമായും കേന്ദ്രീകരിച്ചിരിക്കുന്നതു് ചുററുപാടുമുള്ളവരെ സമചിത്തതയുള്ളവരും ആധുനികരും മതേതര വാദികളും ആയ ജനാധിപത്യ പൌരന്മാരാക്കുന്നതിലാണ്. അദ്ദേഹം പ്രവർത്തിക്കുന്നു. വേലി മേലിരിക്കുന്ന ബുദ്ധിജീവികളിൽ നിന്നും, എല്ലാത്തരത്തിലുംപെട്ട അവസരവാദികളായ രാഷ്ട്രീയക്കാരിൽ നിന്നും ഇതാണ് അദ്ദേഹത്തെ വേർതിരിച്ചുനിറുത്തുന്നതു്.

ഇന്നത്തെ ഇന്ത്യയിലെങ്കിലും ഉയർന്നുവരുന്ന സർഗ്ഗാത്മക സഹിത്യകാരൻ സാഹിത്യപരമായ അഭിലാഷങ്ങൾ മാററിവെച്ച് സാമൂഹ്യസാംസ്കാരിക രംഗത്തെ പ്രവർത്തനങ്ങളിൽ മുഴുകുകയെന്നത് അതുല്യമായ ഒരു സംഭവമാണെന്നതിനാലാണ് ഞാൻ അദ്ദേഹത്തെ കണ്ട് സംസാരിക്കാൻ തീരുമാനിച്ചത്.

അടുത്തകാലത്ത് ഞാൻ അദ്ദേഹവുമായി അഭിമുഖ സംഭാഷണം നടത്തിയപ്പോൾ ഹമീദ് ദൽവായി ശരിക്കും അതിനു തയാറെടുത്തിരുന്നില്ല. ഞാനും തയാറായിരുന്നില്ല. എന്റെ ഓഫീസിൽ വെച്ചാണ് ഞാൻ അദ്ദേഹത്തെ കണ്ടത്. സ്വന്തമായ ഒരു ഇരിപ്പിടമില്ലാത്തതു കൊണ്ട്, മുൻകൂട്ടി നിശ്ചയിച്ച പരിപാടിയനുസരിച്ച ഹമീദ്ദൽവായ് നിരന്തരം ഊരുചുററലാണ്. ഞങ്ങൾ തമ്മിൽ കണ്ടപ്പോൾ വൈകുന്നേരം 4 മണിയായിരുന്നു കാലാവസ്ഥ മൂടിക്കെട്ടിയതായിരുന്നു. ഉന്മേഷം തോന്നാത്ത നില. കാലവർഷം തുടങ്ങാറായിക്കഴിഞ്ഞു. ഹമീദ് കയറി വന്നു എന്റെ മുറിയിലിരുന്നു. നേരത്തെ തന്നെ തുറന്നു പിടിച്ചിരുന്ന ഒരു വാരിക വിടർത്തി വായനയാരംഭിച്ചു. എങ്ങിനെയാണ് തുടങ്ങേണ്ടതെന്നറിയാതെ, ഞാൻ പറഞ്ഞു' ''അപ്പോൾ ഞാൻ നിങ്ങളുമായി അഭിമുഖ സംഭാഷണം നടത്താൻ പോകുകയാണ്, അല്ലേ?,, അദ്ദേഹം കടലാസ് മേശപ്പുറത്ത് വെച്ചു. ചാരനിറമുള്ള കണ്ണുകൾ ഇറുക്കിത്തുറന്നു.

പതിവനുസരിച്ചുള്ള അർത്ഥത്തിൽ ഹമീദുമായി 'അഭിമുഖസംഭാഷണം, നടത്തുന്നതു് വിഷമകരമാണ്. അദ്ദേഹം സംസാരിക്കുമ്പോൾ, അതിൽ സംഭാഷണവും ആത്മഗതവും പ്രസംഗവും കലർന്നിരിക്കും. അദ്ദേഹത്തിന്റെ ശബ്ദത്തിനു നല്ല മുഴക്കമുണ്ട്. അതിനുംപുറമെ, സംസാരത്തിൽ അറിയാതെതന്നെയുണ്ടാകുന്ന ഒരുതരം വേഗതയുമുണ്ട്. അതുകൊണ്ടു് സംസാരത്തിൽ മുഴുകിയ സന്ദർഭത്തിൽപിടിച്ചു നിർത്താനാവില്ല. ഇടക്കുകയറിപ്പറയുന്നതെല്ലാം കേവലം സ്വന്തം ശബ്ദത്തിന്റെ മുഴക്കത്തിൽ അദ്ദേഹം മുക്കിക്കളയും. പക്ഷെ ഭാഗ്യവശാൽ, അടുത്ത ചോദ്യമെന്താണെന്നു ഊഹിക്കാനുള്ള സൂത്രവും അദ്ദേഹത്തിനറിയാം.

,മുസ്ലീം വർഗീയതയെ ഗൌരവകരമായ കാര്യമായി കണക്കാക്കിത്തുടങ്ങിയതെന്നാണ്?, ഞാൻ ചോദിച്ചു. 1932 ലാണ് ഞാൻ ജനിച്ചത്. അദ്ദേഹം തുടങ്ങി. ''മഹാരാഷ്ട്രയിലെ മുസ്ലീം കുടുംബത്തിലായിരുന്നു ജനനം. 1946ൽ ഞാൻ രാഷ്ട്രസേവാദളിൽച്ചേർന്നു. അന്നാണ് ഈ പ്രശ്നം നേരിടേണ്ടി വന്നതെന്നു തോന്നുന്നു. ഞാൻ രാഷ്ട്രസേവാദളിൽച്ചേർന്നയവസരത്തിൽ എന്റെ ഗ്രാമത്തിൽ ആ സംഘടനയിൽച്ചേർന്ന മുസ്ലീം ഞാൻ മാത്രമായിരുന്നു.,,

''നിങ്ങളുടെ മാതാപിതാക്കളുടേയും മററു മുസ്ലീമുകളുടേയും പ്രതികരണമെന്തായിരുന്നു?, ഞാൻ ചോദിച്ചു.

''പ്രതികൂലം,, അദ്ദേഹം പറഞ്ഞു. എന്നിട്ട് എനിക്കു ഉത്തരമെന്തായിരിക്കുമെന്നു അറിഞ്ഞിരിക്കേണ്ടതല്ലേയെന്ന ഭാവത്തിൽച്ചോദിച്ചു ''എന്താ?',

'അത് ചെയ്യാവുന്ന കാര്യമല്ലെന്നാണും അവർ വിചാരിച്ചിരുന്നത്. ആരും സ്വന്തം കൂട്ടം തെററിപ്പോകരുത്. മുസ്ലീമുകൾ മുസ്ലീമുകൾക്കിടയിൽ തന്നെ കഴിഞ്ഞുകൂടണം: വളരെ എളുപ്പം,, ''എന്നിട്ട്? നിങ്ങൾ അംഗമായി തുടർന്നോ,,?

''തീർച്ചയായും, ഞാൻ തുടർന്നു. എന്തു കൊണ്ട് അങ്ങിനെ ചെയ്തുകൂടെന്നു എനിക്കു മനസ്സിലായില്ല.,, പിന്നെ അല്പനേരം സംസാരം നിർത്തിയിട്ട് പറഞ്ഞു നോക്കൂ! എനിക്കു ഇതിനേക്കാൾ കുറെ പ്രധാനപ്പെട്ട കാര്യം പറയാനുണ്ട്. ആമുഖമായുള്ള ആത്മകഥാംശം ഞാൻ വേഗം തീർക്കട്ടെ. അതൊക്കെ പറയേണ്ടയാവശ്യം 'തന്നെയുണ്ടോ? എന്തായാലും പറയാം! എസ്സ്. എസ്സ്. സി. കു പഠിച്ചിരുന്ന കാലത്ത് മറാത്തി സംസാരിച്ചിരുന്ന മുസ്ലീമുകളേയും ഉറുദുഭാഷയേയും കുറിച്ച് ഞാൻ ചില ലേഖനങ്ങളെഴുതി. ബോംബയിലെ ഒരു പ്രമുഖ മറാത്തി ദിനപ്പത്രത്തിൽ അവ പ്രസിദ്ധീകരിച്ചു. മുഖപ്രസംഗങ്ങൾ പോലും എഴുതാൻ കാരണമായി ഈ ലേഖനങ്ങൾ!! എന്നിട്ട് അദ്ദേഹം അമർത്തിച്ചിരിച്ചു. അല്പ നേരം മിണ്ടാതിരുന്നു.

''വളരെ നേരത്തെ രാഷ്ട്രീയത്തിൽ ഇറങ്ങി., ഇല്ലേ?,, വിചാരിക്കാതെയുണ്ടായ മൌനത്തിനിടയിൽ കടന്നു ഞാൻ ചോദിച്ചു.

'അതെ, കമ്പിവാചകം പോലെ അദ്ദേഹം പറഞ്ഞു,, കോൺഗ്രസ്സ് സോഷ്യലിസ്റ്റ് പാർട്ടി—സോഷ്യലിസ്റ്റ് പാർട്ടി—പ്രജാ— സോഷ്യലിസ്റ്റ് പാർട്ടി— സോഷ്യലിസ്റ്റ് (ലോഹ്യയുടെ)— സംയുക്ത സോഷ്യലിസ്ററ്: അങ്ങിനെയാണു അ

തുണ്ടായതു്.

''ഇപ്പോഴം എസ്സ്. എസ്സ് പി. യിലുണ്ടോ?'' ഞാൻ ചോദിച്ചു.

'ഉണ്ടെന്നും ഇല്ലെന്നും പറയാം?,, അദ്ദേഹം പറഞ്ഞു, ''വർഗ്ഗീയതയെക്കുറിച്ചു് അവരെടുക്കുന്ന നിലപാടു് ഞാൻപൂർണ്ണമായി തിരസ്കരിക്കുന്നു,'

''യഥാർത്ഥത്തിൽ അതു് വലിയ വ്യത്യാസമാണു്. മുസ്ലീം വർഗീയതയോടു് വ്യക്തവും കർക്കശവുമായ നിലപാടു് എടുക്കാൻ എസ്സ്. എസ്സ്. പി. ക്കു കഴിഞ്ഞിട്ടില്ലെന്നതാണു് കാര്യം.

ഏതെങ്കിലും പാർട്ടി അങ്ങിനെ നിലപാടെടുത്തു് കണ്ടിട്ടുണ്ടോ?

''ഇല്ല!' അദ്ദേഹം പറഞ്ഞു. 'യഥാർത്ഥ സാമൂഹ്യ പരിവർത്തനത്തിന്റെ ചുമതല നിർവ്വഹിക്കാൻ അവയൊക്കെ ഒരുപോലെ മടിച്ചു നിൽക്കയാണു്. അതാണു പ്രശ്നത്തിന്റെ കാതലായ ഭാഗം,,

''ഈ ചുമതലയെന്താണെന്നാണു വിചാരിക്കുന്നതു്?,, പ്രഥമവും പ്രധാനപ്പെട്ടതുമായ കാര്യം ഇതാണു്. മൌലീകമായ മാനുഷിക മൂല്യങ്ങൾ എന്നൊന്നുണ്ടെന്നു ആളുകളെ ബോധവാന്മാരാക്കണം. ഈ മാനുഷിക മൂല്യങ്ങളെ മതമൂല്യങ്ങളിൽ നിന്നു വേർതിരിച്ചു നിർത്തുകയും വേണം. ഇതു് മുസ്ലീമുകൾ ഒരിക്കലും സമ്മതിക്കാത്ത കാര്യമാണു്. കാരണം ഖുറാൻതന്നെമൌലീകമായ മാനുഷിക മൂല്യങ്ങളെ സമ്പൂർണ്ണമായി നിർവ്വചിക്കുന്നുണ്ടെന്നാണു് അവരുടെ അവകാശവാദം.,, ഇവിടെ അദ്ദേഹം ഒന്നുനിർത്തി. എന്നിട്ടു പറയുന്നതിനു ഊന്നൽ കൊടുക്കാൻവേണ്ടി കണ്ണിറുക്കിക്കൊണ്ടു് വീണ്ടും പറഞ്ഞു, ''ഇക്കാര്യത്തിൽ കമ്മ്യൂണിസ്റ്റുകാരെപ്പോലെ തന്നെ യാഥാസ്ഥിതികരും നവീകരണ വിരുദ്ധരുമാണവർ, അവരുടേതു്അടച്ചു പൂട്ടിയ സംവിധാനമാണു്.'

''ഇന്ത്യയിലെ മുസ്ലീമുകൾക്കു് വിശാല വീക്ഷണത്തിന്റെ പാരമ്പര്യമില്ലേ? അദ്ദേഹം ചിരിച്ചു. ''വിശാലബുദ്ധികളായ ഹിന്ദുക്കൾ ഹിന്ദുവർഗ്ഗീയവാദികളെ കുററപ്പെടുത്തുമ്പോൾ മാത്രം വിശാലബുദ്ധികാണിക്കലാണു് അവരുടെ പതിവു്.,, എന്നിട്ടു് കൂടുതൽ ഗൌരവമുള്ള സ്വരത്തിൽ തുടർന്നു പറഞ്ഞു. ''സർ സയിദ്—അഹമ്മദു് ഖാൻ വിശാലബുദ്ധിയുള്ള ആളായിരുന്നു, ഇന്നു അത്തരക്കാരെ എനിക്കു വിരലിലെണ്ണി പറയാൻ കഴിയും. കഴിഞ്ഞവൈസ് – പ്രസിഡന്റു് തെരഞ്ഞെടുപ്പിൽ പ്രതിപക്ഷ സ്ഥാനാർത്ഥിയായിരുന്ന പ്രൊഫസർ മുഹമ്മദു് ഹബീബു് വിശാലവീക്ഷണമുള്ളയാളാണു്.. എം. സി. ഛഗ്ലക്കു് വിശാലവീക്ഷണമുണ്ടു്. ഉസ്മാനിയ സർവ്വകലാശാലയിലെ ഡോക്ടർ റഷീദ്ദീൻഖാൻ എനിക്കറിയാവുന്ന വിശാലവീക്ഷണമുള്ള മററൊരാളാണു്. ''അദ്ദേഹത്തിന്റെ നോട്ടം കുറെക്കൂടി അവ്യക്തമായി,, ഹിന്ദുക്കൾക്കു രാജാറാം മോഹൻ റായിയിൽനിന്നു തുടങ്ങി ആധുനികമായ വിശാലവീക്ഷണത്തിന്റെ പാരമ്പര്യമുണ്ടു്. എന്റെ കണക്കനുസരിച്ചു് നെഹ്റു ആധുനികനായ വിശാലവീക്ഷണമുള്ള, മതേതരവാദിയായ ഭാരതീയനായിരുന്നു. എന്നാൽ അദ്ദേഹത്തിന്റെ പിന്നിൽ ഒരു പാരമ്പര്യമുണ്ടായിരുന്നു. ഇന്ത്യയിലെ മുസ്ലീമുകൾക്കു് ഇതിനു സമാനമായി ഒന്നുമില്ല' 'എന്തുകൊണ്ടു്? ഞാൻ ചോദിച്ചു.

'കൊള്ളാം! അവരുടെ ചരിത്രത്തിൽത്തന്നെ അതിനുള്ള കാരണം കാണാം. എണ്ണൂറു കൊല്ലത്തോളം ഇന്ത്യയിൽ മുസ്ലീമുകളാണു് ഭരണം നടത്തിയതു്. എന്നിട്ടും അവർ സ്ഥിരമായ ന്യൂനപക്ഷ വിഭാഗമായിത്തന്നെയിരുന്നു. ഇതിൽ അവർക്കു ശക്തിയായ അമർഷമുണ്ടു്. എവിടെയൊക്കെ ന്യൂനപക്ഷമാണോ അവിടെയൊക്കെ മുസ്ലീമുകൾ എപ്പോഴും മതേതരമായ ,ഉൽഗ്രഥനത്തെ ചെറുക്കും. ഇന്ത്യയിൽ അതു കുറെക്കൂടി കട്ടപ്പമാണു്. ഉലേമ ഈ ഭൂഖണ്ഡത്തിൽ ദാർ–ഉൽ–ഇസ്ലാം സ്വപ്നം കണ്ടുകൊണ്ടിരിക്കുകയാണു് ഇപ്പോഴും. അതുകൊണ്ടാണു് അവർ വിഭജനത്തെ എതിർത്തതു്. ഇന്ത്യയിലെ മതേതരമായ ദേശീയതയിൽ അവർക്കു താല്പര്യമുണ്ടായിരുന്നതു കൊണ്ടല്ല. ഉപഭൂഖണ്ഡത്തിൽ മുസ്ലീമുകൾ സ്ഥിരമായി ന്യൂനപക്ഷക്കാരായിരിക്കുമെന്നു വസ്തുത ഉള്ളിൽ അംഗീകരിച്ചിരുന്നവർ പാക്കിസ്ഥാനു വേണ്ടി വാദിക്കുകയും അതു് നേടുകയും ചെയ്തു്. പക്ഷെ ഇവിടെ ഇന്നും തുടരുന്നവർ ഒരു''വിമോചകനെ,, സ്വപ്നം കാണുകയാണു്. അതൊരു മിഥ്യയാണു്. മിക്കവാറും ഒരു രോഗമാണു്. വിഭജനത്തെ എതിർക്കുന്നതിൽ ഉലേമ കോൺഗ്രസ്സിന്റെ ഭാഗത്തായിരുന്നെങ്കിലും, ഇപ്പോൾ വിഭജനത്തിനു ശേഷവു് അവർ മുസ്ലീമുകളെ വേർതിരിച്ചു നിറുത്തുന്ന പ്രത്യേകതകൾക്കു വേണ്ടി വാദിച്ചു കൊണ്ടിരിക്കുന്നു. ഭാരതീയ സമൂഹത്തിനകത്തു് തന്നെ, മുസ്ലീമുകളല്ലാത്തവരുമായി കഴിയുന്നതു കുറച്ചു് മാത്രം ബന്ധമുള്ള ഒരു സമാന്തര സമൂഹത്തിനു വേണ്ടി വാദിക്കുന്നു. മാനസികമായി ഇന്നും അവർ മദ്ധ്യകാല ലോകത്തിലാണു് ജീവിക്കുന്നതു്. ആധുനിക ലോകത്തിൽ കൊള്ളരുതാത്തവരാക്കുന്നതാണിതെന്നു അവർ മനസ്സിലാക്കുന്നില്ല.,,

''നിങ്ങളെപ്പോലുള്ള 'മുസ്ലീമു,കളോടു് ഇന്ത്യയിലെ മുസ്ലീമുകളുടെ പ്രതികരണമെന്താണു്?,, കൊള്ളാം. അവരിൽ മിക്കവർക്കും ഞാൻ കാഫിറാണു്. അവിശ്വാസിയാണു്!,,

പിന്നെ എങ്ങിനെയാണു് നിങ്ങൾക്കു അവരെ സ്വാധീനിക്കാൻ കഴിയുമെന്നു പ്രതീക്ഷിക്കുക?,, ''എനിക്കു ആശയുണ്ടു്. ഉദാഹരണത്തിനു ഇന്ത്യയിലെ മുസ്ലീം സ്ത്രീകൾക്കും പെൺകുട്ടികൾക്കും മുസ്ലീം വ്യക്തി നിയമത്തിലെ അസമത്വങ്ങളെക്കുറിച്ചു് ബോധമുണ്ടാകുന്നതിന്റെ ലക്ഷണമുണ്ടു്. പക്ഷെ ഇതു് വിഷമകരമായ ചുമതലയാണു്. മതേതരമായ ഉൽഗ്രഥനം നടത്തുകയെന്ന ചുമതലയെപ്പററിയാണു ഞാൻ പറയുന്നതു്. വർഗീയത തുടച്ചു നീക്കുന്നതിനു ആവശ്യമായ നടപടികളെടുക്കുന്നതിനു ഇന്ത്യയിലൊരു രാഷ്ട്രീയകക്ഷിയും വേണ്ടത്ര ചുണ കാണിക്കുന്നില്ല. അവർ മുസ്ലീമുകളെ പ്രീണിപ്പിക്കുന്നു. എന്റെ കക്ഷി എസ്സ്. എസ്സ്. പിയും ഇതിൽ നിന്നു ഭിന്നമല്ല. പ്രശ്നം കൈകാര്യം ചെയ്യാൻ രാഷ്ട്രീയമില്ലാത്ത ഒരു സംഘടനയുണ്ടാകേണ്ടിയിരിക്കുന്നു. ഇന്ത്യൻ സെക്കലർ ഫോറം രൂപവൽക്കരിച്ചുകൊണ്ടു് ഞങ്ങൾ ഈ വഴിക്കു ചെറിയ തുടക്കം കുറിച്ചിട്ടുണ്ടു്.

''എങ്ങിനെയാണു് ആളുകളുടെ പ്രതികരണം?,, '' അത്ര പ്രോത്സാഹജനകമല്ല. സമർപ്പണബോധത്തോടെ കുറച്ചാളുകൾ ഞങ്ങളോടൊപ്പം ചേർന്നിട്ടുണ്ടെന്നു മാത്രം. ചിലർ സാമ്പത്തിക സഹായവുമായി വന്നിട്ടുണ്ടു്. പക്ഷെ സാമ്പത്തികമായി ഞങ്ങളുടെ നില വളരെ പരുങ്ങലിലാണു്,,.

''എങ്ങിനെയാണു് നിങ്ങൾ പ്രവർത്തിക്കുന്നതു്?,,

''ആഹ!,,, അദ്ദേഹം പറഞ്ഞു, ഞാനിങ്ങനെ ചുററി നടക്കുന്നു. ആളുകളോടു് സംസാരിക്കുന്നു. ചിന്തിപ്പിക്കാനും വാദിപ്പിക്കാനും ശ്രമിക്കുന്നു. ഞാൻ ലേഖനങ്ങളും എഴുതാറുണ്ടു്,,.

''നിങ്ങളുടെ സർഗ്ഗാത്മക സാഹിത്യത്തെപ്പററി എന്തു പറയുന്നു? ''അതിന്റെ ആവശ്യം വരുമ്പോൾ അതു് താനെയുണ്ടായികൊള്ളുമെന്നു ഞാൻ വിചാരിക്കുന്നു.! ''അദ്ദേഹം പറഞ്ഞു,, ഇപ്പോഴത്തെ കാര്യം പറഞ്ഞാൽ ഈക്കാര്യമാണു് എ

# കത്തുകൾ

## കടുത്ത യാഥാർത്ഥ്യം

'നിർണ്ണയ'ത്തിൻെറ പതിമൂന്നാം ലക്കം എന്നെ വളരെ ആഹ്ളാദിപ്പിച്ചു. അതിൽ എഴുതിയിരുന്ന കുറിപ്പുകളാണ് അതിനു കാരണം. ഗിരി കോടതിയിൽ ഹാജരായ സംഭവം പലരും ഉയർത്തിക്കാണിക്കുന്നതുപോലെ പൊങ്ങച്ചത്തിനുള്ളതല്ലെന്നും നാണക്കേടിൻെറ മകുടോദാഹരണമാണെന്നും ഞാൻ എൻെറ സുഹൃത്തുക്കളോട് പറഞ്ഞിരുന്നു. കോടതിയിൽ വന്ന് അദ്ദേഹം അൽപ്പം പ്രസിഡൻറും അൽപ്പം വാദിയും അൽപ്പം ഗിരിയും അൽപ്പം സാക്ഷിയും ആയിക്കൊണ്ട് നടത്തിയ തിരിമറി ബഹുരസമായിരുന്നുവല്ലോ. എന്നാൽ ഈ നാട്ടിലെ കൊടികെട്ടിയ പുരോഗമനക്കാർപോലും അവരുടെ പത്രങ്ങളിൽ ഇതിനെപ്പററി 'കമാ'ന്നു മിണ്ടിയില്ല. താങ്കൾ കാണിച്ച ധീരതയെ കലവറയില്ലാതെ അഭിനന്ദിച്ചു കൊള്ളട്ടെ.

പിന്നാലെ കണ്ട 'കാഴ്ചപ്പാടുകൾ' അൽപ്പം ചിന്താക്കുഴപ്പവും ഉണ്ടാക്കാതിരുന്നില്ല. അഭിനന്ദനത്തിൻെറ പൂച്ചെണ്ട് തന്നിട്ട് ആക്ഷേപത്തിൻെറ ചെളികൂടി വാരിയെറിയാൻ ശ്രമിക്കുന്നുവെന്നു ധരിക്കരുത്.

കാടുകയറിപ്പറഞ്ഞു പോകാതിരിക്കാൻ, ഞാൻ ആ ലേഖനത്തിൽ നിന്നു എനിക്കുണ്ടായ സംശയങ്ങൾ ഒരു അടുക്കിനു അവതരിപ്പിക്കാൻ ശ്രമിക്കാം. (ഇടക്കൊന്നു പറയട്ടെ: രാജൻ എന്നത് താങ്കളുടെതൂലികാനാമമാണെന്നു കരുതുന്നു. അല്ലെങ്കിൽ തന്നെ അതിൽ താങ്കളുടെ അടിയൊപ്പ് ഉണ്ടാകുമല്ലോ. ആ നിലക്കു എൻെറ പരാമർശം താങ്കളോട് തന്നെയായിരിക്കും)

'ലെനിൻ ശതാബ്ദി ചിന്തകൾ' എന്ന പ്രസ്തുത ലേഖനത്തിൻെറ 1. മതസ്വഭാവം എന്ന ഉപശീർഷകത്തിലെ ഒന്നാം ഖണ്ഡികയിലുള്ള "മാർക്സിസത്തെ ലെനിൻ പരിഷ്ക്കരിച്ചുവെന്നോ, തിരുത്തിയെന്നോ, അതിനോട് സ്വന്തം സിദ്ധാന്തംകൂട്ടിച്ചേർത്തുവെന്നോ കമ്യൂണിസ്റ്റുകാർ പറയുകയില്ല. കാരണം അവരുടെ ദൃഷ്ടിയിൽ അത് മഹാപാതകമാണ്,,'

2. 'സിദ്ധാന്തം സമ്പൂർണ്ണമല്ല, എന്ന ഉപശീർഷകത്തിലെ ഒന്നാം ഖണ്ഡികയിലുള്ള: "തിരുത്തൽ വാദം യഥാർത്ഥത്തിൽ ലക്ഷ്യബോധത്തിൽ നിന്നുള്ള അകൽച്ച മാത്രമാണ്. അഖില ലോകസോഷ്യലിസ്റ്റ് വിപ്ലവം എന്ന ലക്ഷ്യത്തിൽ നിന്നു അകലുന്നതാണ് തിരുത്തൽ. വർഗ സഹകരണം അതിൻെറ ലക്ഷണമായി ഉണ്ടാകുന്നു,,.

(3) അവസാനത്തെ ഖണ്ഡികയിലുള്ളതു്. 'പുറമെയുള്ള ശക്തികളിൽ നിന്നു പ്രചോദനം നേടിയും പുസ്തകം നോക്കിയും ഒരിക്കലും വിപ്ലവമുണ്ടായിട്ടില്ല. ഇന്ത്യയിലെ വിപ്ളവകാരികൾ സ്വയം ഒരു വിപ്ലവമാർഗം കണ്ടെത്തേണ്ടതാണ്.

ഈ മൂന്നു ഉദ്ധരിണികളുടെ ചർച്ചയിലൂടെ എൻെറ സംശയം വ്യക്തമാക്കാൻ ശ്രമിക്കാം. നിശ്ചയമായും ഇവ മൂന്നും ഇടക്കു് നിന്നു അടർത്തിയെടുത്തവയാണ്. ഇതു് ഞാൻ വിസ്മരിക്കുകയില്ലെന്നു ഉറപ്പുതരുന്നു.

ഒന്നാമത്തെ ഉദ്ധരിണിയെപ്പററി പറയട്ടെ മാർക്സിസത്തെ ലെനിൻ പരിഷ്ക്കരിക്കുകയോ, തിരുത്തുകയോ, സ്വന്തം സിദ്ധാന്തങ്ങൾ കൊണ്ട് സമ്പന്നമാക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ, അത് അറിയാവുന്നവരും അതുകൊണ്ട് തന്നെ അംഗീകരിക്കുന്നവരും കമ്യൂണിസ്റ്റുകളാവാനാണല്ലോ എളുപ്പം. മാർക്സിസത്തിൻെറ അടിസ്ഥാന ഗ്രന്ഥങ്ങൾ ഡാസ് കാപ്പിററലുൾപ്പടെ വിദഗ്ധമായോ വിശദമായോ പഠിക്കാൻ കഴിഞ്ഞിട്ടില്ലാത്ത എനിക്കു ഇവിടെ ആദ്യത്തെ സംശയം ഉണ്ടാകുന്നു. എന്ത് പരിഷ്ക്കാരമാണ്, എന്തു തിരുത്തലാണ്, എന്ത് സംഭാവനയാണ് ലെനിൻ നൽകിയതു്? അവയിൽ എന്താണ് കമ്യൂണിസ്റ്റുകാർ അംഗീകരിക്കാത്തതു്?

ഞാൻ അറിഞ്ഞിടത്തോളം, ചരിത്രപരമായ ഭൌതികവാദം. വൈരുദ്ധ്യാധിഷ്ഠിത ഭൌതിക വാദം, മിച്ചവില സിദ്ധാന്തം ഇവയാണല്ലോ മാർക്സിസത്തിൻെറ കാതലായ തത്വങ്ങൾ. ഇവക്ക് അനുഗുണമായ തരത്തിൽ സംസ്കാരം, കല, സാമൂഹ്യബന്ധങ്ങൾ എന്നിവയെ വിശദീകരിക്കുകയും തൊഴിലാളിവർഗത്തിൻെറ സർവ്വാധിപത്യം ചരിത്രപരമായ കടമയും ആവശ്യവുമാണെന്നു സ്ഥാപിക്കുകയും അതിനപ്പുറമുള്ള സോഷ്യലിസത്തെ യൂറോപ്യൻ സോഷ്യലിസത്തിൽ നിന്നുപിടിച്ചു പറിച്ചെടുത്തു മണ്ണിൽ നട്ട ശാസ്ത്രീയ സോഷ്യലിസത്തെ ചൂണ്ടിക്കാണിക്കുകയുമാണല്ലോ മാർക്സ് ചെയ്തിരിക്കുന്നതു്?. ഇതിൽ പരിഷ്ക്കരണം. വരുത്താൻ ലെനിൻ ശ്രമിച്ചിട്ടുണ്ടോ? തിരുത്തൽ വരുത്താൻ ലെനിനു കഴിഞ്ഞുവോ? തീർച്ചയായും സ്വന്തം സിദ്ധാന്തങ്ങൾ അദ്ദേഹം കൂട്ടിച്ചേർത്തു. അതു് താങ്കൾ സൂചിപ്പിക്കുന്നതുപോലെ കാലത്തിൻേറയും നേതൃത്വത്തിൻേറയും പ്രത്യേക സംഭാവനയാണ്. അതു് കമ്യൂണിസ്ററുകൾആരും തന്നെ അംഗീകരിക്കാതിരിക്കുന്നില്ല.

ഉദാഹരണമായി എനിക്കു തോന്നുന്നതു, താങ്കൾ തന്നെ പറയുമ്പോലെ വ്യവസായികമായി മുന്നേറിയിരുന്ന യൂറോപ്യൻ രാജ്യങ്ങളിലാവും ആദ്യം മാർക്സിസം പ്രയോഗികമാവുക എന്ന വിഭാവനം പൊളിച്ചെഴുതി. (അത് കേവലം വിഭാവനം മാത്രമായിരുന്നു എന്നു ഓർക്കണം. സിദ്ധാന്തപരമായി മാർക്സ്-അങ്ങിനെ പറഞ്ഞിട്ടില്ല) റഷ്യയിൽ അതു് പ്രായോഗികമായിക്കാണിച്ചു. ഇത് തിരുത്തൽവാദികളും തിരുത്താത്തവരും തീവ്രന്മാരും ഒന്നുപോലെ സമ്മതിക്കും. അത് മാത്രമല്ലാ അവർ മറെറാന്നുകൂടി സമ്മതിക്കും. പാരീസ് കമ്യൂണിൻെറ ആവിർഭാവം മാർക്സിൻെറ സങ്കല്പം തീരെ അടിസ്ഥാനരഹിതമല്ലായിരുന്നുവെന്നു സൂചിപ്പിക്കുന്നുണ്ടെന്നു്.

വാസ്തവത്തിൽ താങ്കളുടെ ആലേഖനത്തിൽതന്നെ മുകളിലൊരിടത്ത് പറയുന്ന

---

ഇന്ത്യയിലെ മുസ്ലീം രാഷ്ട്രീയം (തുടർച്ച)

ന്നെ അലട്ടികൊണ്ടിരിക്കുന്നത്. പ്രശ്നം പരിഹരിക്കുന്നതിൽ രാഷ്ട്രീയകക്ഷികൾപരാജയപ്പെട്ടിരിക്കുന്നു. ദേശീയോൽ ഗ്രഥന സമ്മേളനം കേവലം തമാശയായിരുന്നു. കേട്ടമട്ടത്ത കാര്യങ്ങളും പറഞ്ഞുകൊണ്ടാണ് വെറുതെ ആളുകൾ വരുന്നത്. ആരും പ്രശ്നത്തിലേക്ക് ആഴത്തിലിറങ്ങിച്ചെല്ലാൻ ആഗ്രഹിക്കുന്നില്ല?

"ഹിന്ദുക്കളിലെ വിശാല ബുദ്ധികളായവരെപ്പററി സംസാരിച്ചില്ലേ. അവരെപ്പററി എന്തുപറയുന്നു?'

ഹിന്ദുവർഗീയതയും മുസ്ളീം വർഗീയതയും ചേർന്നു അവരെയും ക്രമേണ വിഴുങ്ങിക്കളയും. വിചിത്രമായിത്തോന്നാം, രണ്ടും ഒത്തുചേർന്നാണ് പ്രവർത്തിക്കുന്നതു് മതേതരമായ ജനാധിപത്യയാദർശങ്ങൾ പുലരണമെന്നുണ്ടെങ്കിൽ, രാജ്യത്തിലെ വിശാലവീക്ഷണമുള്ളയാളുകളെല്ലാം ഒന്നിച്ചു ചേരുകയും കക്ഷിയടിസ്ഥാനത്തിലോ, രാഷ്ട്രീയാടിസ്ഥാനത്തിലോ അല്ലാതെ ഒരുമിച്ച് പ്രവർത്തിക്കുകയും വേണം!' ഒന്നുനിർത്തിയിട്ട്, അദ്ദേഹം അവസാനമായിപ്പറഞ്ഞു, "ഈ കളി നിസ്സഹായമായി കണ്ടു് നിൽക്കാനാവില്ല. ചട്ടങ്ങൾ മാററുകതന്നെ വേണം.''

(അവസാനിച്ചു)

ഈ വാക്യം വസ്തുതകളുമായി കൂടുതൽ അടുക്കുന്നു. "ഈ വിജയമാണ് മാർക്സിസത്തിന്റെ ശരിയായ വ്യാഖ്യാതാവെന്ന കീർത്തി ലെനിനു നേടിക്കൊടുത്തത്", (അടിവര എന്റേത്.) ലെനിൻ മാർക്സിസത്തിന്റെ വ്യാഖ്യാതാവായിരുന്നു. തിരുത്തുകാരനായിരുന്നില്ല. എന്നാൽ പാണിനിക്ക് കാത്യായനൻ എന്നപോലെയായിട്ടുണ്ട് ചിലയിടത്ത്. അത് കമ്യൂണിസ്റ്റുകാരൻ കാണുന്നുണ്ട്. ആ നിലക്ക് കമ്യൂണിസത്തിന്റെ മതസ്വഭാവം സമർത്ഥിക്കാൻ താങ്കൾ മറ്റെന്തെങ്കിലും തെളിവ് തരേണ്ടിയിരിക്കുന്നു വെന്നാണ് എന്റെ പക്ഷം.

രണ്ടാമത്തെ ഉദ്ധരണി വർഗസഹകരണത്തിനു വേണ്ടി വാദിക്കുന്നവരുടെ ഉള്ളു തുറന്നു കാട്ടുന്ന ഒരു പ്രസ്താവനയാണ്. അത് താങ്കൾ ആത്മാർത്ഥതയോടു കൂടി നടത്തിയതാണെങ്കിൽ, വർഗ സഹകരണത്തിന്റെ വിശാല മാർഗ്ഗത്തിൽ നിന്നു പിന്തിരിഞ്ഞ് തൊഴിലാളി വർഗ സർവ്വാധിപത്യവും സോഷ്യലിസ്റ്റ് സാമൂഹ്യ വ്യവസ്ഥയും കൈവരിക്കാനുള്ള ഇടുങ്ങിയ വഴിയിലൂടെ മാത്രം നീങ്ങുന്ന കമ്യൂണിസ്റ്റ് (മാർക്സിസ്റ്റ്) പാർട്ടിയുടെ നയപരിപാടികളെ താങ്കൾ കുറെക്കൂടി അനുഭാവത്തോടെ കൈകാര്യം ചെയ്യുകയും താങ്കളുടെ വായനക്കാർക്കു കൂടുതൽ പരിചയപ്പെടുത്തിക്കൊടുക്കുകയും ചെയ്യുമോ? ഒരു വെല്ലുവിളിയല്ല, ആഗ്രഹപ്രകടനം മാത്രമാണ്.

അവസാന വാക്യം ഉദ്ധരിച്ചിട്ടുള്ളതു് രണ്ടു് കാര്യങ്ങൾക്കു വേണ്ടിയാണ്. ഒന്നാമതു് അതൊരു കടുത്ത യാഥാർത്ഥ്യമായതുകൊണ്ടു്.. രണ്ടാമതു് കമ്യൂണിസ്റ്റ് (മാർക്സിസ്റ്റ്) പാർട്ടിക്കു് പീക്കിങ്ങ് നോക്കികളയുവാൻ സാദ്ധ്യമല്ലെന്നു വ്യക്തമാക്കുന്നതിനു്.

കടുത്ത യാഥാർത്ഥ്യമെന്നു പറഞ്ഞതു് ഒന്നുകൂടി വിശദമാക്കാം. മുമ്പൊക്കെ, താങ്കൾ പറഞ്ഞിട്ടുള്ളതുപോലെ തന്നെ, മററു കമ്യൂണിസ്റ്റ് രാജ്യങ്ങളിൽ നിന്ന്, സോഷ്യലിസ്റ്റ് വിപ്ലവത്തിനുള്ള, അതിനു മുമ്പു ഉണ്ടാകേണ്ട, ബൂർഷ്വാസിയെ തുടച്ചു നീക്കുന്നതിനുള്ള സർവ്വവിധ സഹായസഹകരണങ്ങളും ലോകത്തിലെ സോഷ്യലിസ്റ്റ് ചേരിയിൽ നിന്നു പ്രതീക്ഷിക്കാമായിരുന്നു. പ്രതീക്ഷ നിറവേററാൻ അവർക്കു പരിപാടിയുമുണ്ടായിരുന്നു. ഇന്നത് ഒരു പരിപാടിയെന്ന നിലവിട്ടു് ഒരു സൗജന്യമെന്ന നിലയിലേക്കും ചിലപ്പോൾ പ്രെസ്റ്റീജ് പ്രശ്നം എന്ന നിലയിലേക്കും താണിരിക്കുന്നു. അങ്ങിനെ സാർവ്വദേശീയ കമ്യൂണിസം താങ്കൾ വ്യഞ്ജിപ്പിക്കുന്ന തരത്തിൽ നഷ്ടപ്പെട്ടിരിക്കയാണ്. അപ്പോൾ തനിക്കു താനും പുരക്കു് തൂണും തന്നെ ഗതി. ഉദാരവും അപ്രധാന്യവുമായ സഹായങ്ങൾ പ്രതീക്ഷിച്ചുകൂടെന്നില്ല. എന്നാൽ സ്വന്തം രാജ്യത്തെ തന്റെ ലക്ഷ്യത്തിലെത്തിച്ചുകൊടുക്കുക എന്ന ചുമതല ഇന്നു ഒരു കമ്യൂണിസ്റ്റിനും മറെറാരാളുടെ ചുമലിൽ വെച്ചുകൊടുക്കാനാവാത്ത നിലയാണുള്ളത്.

ചൈനയിലെ കഥകൂടി പറഞ്ഞവസാനിപ്പിക്കാം. മാവോ, ചൈനയുടെ പ്രത്യേക പരിതസ്ഥിതിയിൽ പ്രധാന ശത്രുവായ ഫ്യൂഡലിസ്റ്റ് അർദ്ധഫ്യൂഡലിസ്റ്റ്, ഇമ്പീരിയലിസ്റ്റ്—കൊളോണിയലിസ്റ്റ് പാളയത്തെ തച്ചുടക്കുന്നതിനു എല്ലാം കൂട്ടാളികളേയും ഒത്തു ചേർത്ത് ഒരു ജനകീയ ജനാധിപത്യമുന്നണിയുണ്ടാക്കി വിപ്ലവം പൂർത്തികരിച്ചു. ആ മാർഗ്ഗം—പ്രധാന ശത്രുവിനെ തോൽപ്പിക്കാൻ, ശത്രുവെങ്കിലും അത്രതന്നെ പ്രാധാന്യമില്ലാത്ത ചിലരോട് ഒത്ത് ചേർന്ന്, രാജ്യത്തെ ഫ്യൂഡൽ, അർദ്ധഫ്യൂഡൽ, കൊളോണിയലിസ്റ്റ് കൂട്ടുകെട്ടിൽ നിന്നു മോചിപ്പിച്ചെടുക്കാൻ നോക്കുന്നത് 'മാവോക്കു്' സുഖിക്കുന്നില്ല. അതുകൊണ്ട് കമ്യൂണിസ്റ്റുകളെ (മാർക്സിസ്റ്റ്) ആരെല്ലാം എത്ര പ്രാവശ്യം പീക്കിങ്ങ് നോക്കികളെന്നു വിളിച്ചിലും പീക്കിങ്ങിലതിനു പ്രതിധ്വനിയുണ്ടാകുകയില്ല. അങ്ങിനെ വിളിക്കുന്നവർക്കു ഇവിടെ ചില്ലറ നേട്ടങ്ങളുണ്ടാക്കാൻ കഴിഞ്ഞേക്കുമെങ്കിലും.

ആകെക്കൂടെ, താങ്കളുടെ ലേഖനം ചിലത് ചിന്തിക്കാനും ഇത്രയും എഴുതാനും എന്നെ പ്രേരിപ്പിച്ചതിൽ ഞാൻ കൃതജ്ഞനാണ്. ഈ കത്ത് ഞാൻ കമ്യൂണിസ്റ്റ് (മാർക്സിസ്റ്റ്) പാർട്ടിയുടെ ഒരു വക്താവെന്ന നിലയിലല്ലാ, വെറും വ്യക്തിപരമായ കുറിപ്പെന്ന നിലയിൽ എഴുതിയതാണ്.

'വിജയശ്രീലാളിതനായ അച്ചുതമേനോനും,' ഉപതെരഞ്ഞെടുപ്പ് ഫലങ്ങളും ഒരേ കാര്യത്തിന്റെ രണ്ട് അററങ്ങളാണ്. ആദ്യത്തേത് അന്ധതയുടേതാണെങ്കിൽ രണ്ടാമത്തേത് യുക്തിവിചാരത്തിന്റേതാണെന്നുമാത്രം. കൊള്ളാം. ആ വൈരുദ്ധ്യം ആലോചനാമൃതമായിരിക്കുന്നു.

ശ്രീരേഖ,
ശ്രീകോവിൽ, കോട്ടയം.

(രാജൻ എന്നത് എന്റെ തൂലികാനാമമല്ല. 'നിർണ്ണയ'ത്തിൽ സ്ഥിരമായി 'കാഴ്ചപ്പാടുകൾ' എന്ന പംക്തിയെഴുതുന്നത് കൊച്ചിയിൽ 'മാതൃഭൂമി'യുടെ സ്റ്റാഫ് റിപ്പോർട്ടറായ പി. രാജനാണ്. 'കാഴ്ചപ്പാടുകളി'ലെ എല്ലാ അഭിപ്രായങ്ങളോടും എപ്പോഴും എനിക്ക് പൂർണ്ണമായ യോജിപ്പ് ഉണ്ടായിക്കൊള്ളണമെന്നില്ല. പക്ഷെ, ഇതേവരെ എഴുതിയ കാഴ്ചപ്പാടുകളോട് എനിക്ക് പൂർണ്ണയോജിപ്പാണുള്ളത്- പത്രാധിപർ)

X X X

## ശ്രദ്ധിക്കപ്പെടാത്ത അഴുക്ക്.

ഈ പ്രദേശത്ത് പലരിലും 'നിർണ്ണയം' ശ്രദ്ധയാകർഷിച്ചിട്ടുണ്ട്. ജനാധിപത്യ സമ്പ്രദായത്തിൽ നീതിന്യായ പീഠത്തിനു ഉണ്ടായിരിക്കേണ്ടുന്ന സ്ഥാനത്തിനു അറിഞ്ഞോ അറിയാതെയോ രാഷ്ട്രതലവൻ വരെ നൽകുന്ന അനർഹമായ പ്രാധാന്യം ചൂണ്ടിക്കാണിക്കുന്ന കുറിപ്പുകൾ ഇന്നത്തെ സജീവാവശ്യമായി എനിക്ക് തോന്നി. 'ഇന്ത്യയിലെ മുസ്ലീംരാഷ്ട്രീയം' എന്ന ലേഖനപരമ്പര നമ്മുടെ ദേശീയ ജീവിതത്തിലെ ശ്രദ്ധിക്കപ്പെട്ടിട്ടില്ലാത്ത പല അഴുക്കുകളിലേക്കും വെളിച്ചം വീശുന്നു. ഇരുത്തിചിന്തിപ്പിക്കുന്ന ഒരു കാഴ്ചപ്പാട് അത് പ്രദാനം ചെയ്യുന്നു.

കെ. എൻ. ഗോപാലകൃഷ്ണൻ
മററക്കര

---

എഴുതാപ്പുറം (6–ാം പേജ് തുടർച്ച)

പൊട്ടിക്കണമെന്നു ഖുറാൻ വായനക്കാർക്കു തോന്നാത്തതെന്താണാവോ?

മുഹമ്മദ് യൂസഫിന്റെ പ്രസംഗത്തിൽ തുടർന്നു പറഞ്ഞിരിക്കുകയാണ്. ഖുറാന്റെ സന്ദേശം മനുഷ്യ രാശിയുടെ ഐക്യമാണ്. ഇസ്‌ലാം ഒരു സമ്പൂർണ്ണമതവും പ്രവാചകശ്രേഷ്ഠനായ മുഹമ്മദ് ആദ്ധ്യാത്മിക സൌരയൂഥത്തിലെ സൂര്യനുമാണെന്നു ഖുറാൻ ഉൽഘോഷിക്കുന്നു. ഖുറാൻ ചൂണ്ടിക്കാണിച്ചിരിക്കുന്ന ഈശ്വരൻ പ്രതാപവാനും, കരുണാനിധിയും സർവ്വശക്തനുമാണ്". ഖുറാൻ പറഞ്ഞത് ശരിയാണെന്നു മുഹമ്മദ് യൂസഫിനു അഭിപ്രായമുണ്ടെങ്കിൽ അദ്ദേഹം എല്ലാവരോടും ഇസ്‌ലാം മതം സ്വീകരിക്കാൻ അഭ്യർത്ഥിക്കേണ്ടതായിരുന്നു. കാരണം അത് സമ്പൂർണ്ണമതമാണെന്നാണല്ലോ ഖുറാൻ പറയുന്നത്, "ഇസ്‌ലാം വിഭാവനം ചെയ്യുന്ന സാമൂഹ്യ വ്യവസ്ഥിതി സജീവ

വും വിശാലവും സമത്വസുന്ദരവുമാണെ'' ന്നാണ് മുഹമ്മദ് യൂസഫ് പറയുന്നത്. എന്നാൽ പിന്നെ ലോകത്തിലെ രാഷ്ട്രീയ കക്ഷികൾക്ക് പ്രത്യേകം പ്രകടന പത്രികകളൊന്നും വേണമെന്നില്ല. രാഷ്ട്രങ്ങൾക്ക് ഭരണഘടനയും നിർദേശകതത്വങ്ങളും വേണ്ട. എല്ലാം ഖുറാൻ തന്നെ മതി. അവിടെയും നിൽക്കാതെ ''സ്ത്രീ വർഗത്തിനു സമൂഹത്തിൽ ഉയർന്ന പദവിയാണ് ഇസ്ലാം നിർദേശിക്കുന്നതെന്നു' വരെ ഖുറാൻ ഭക്തനായ മുഹമ്മദ് യൂസഫ് തട്ടിവിട്ടിട്ടുണ്ട്. അതുകൊണ്ടായിരിക്കണം ആയിരവും രണ്ടായിരവും വരെ പെൺകുട്ടികളെ വിലക്കുവാങ്ങി വളർത്തുന്ന ഹാരങ്ങൾ ഖുറാൻ ഭക്തരായ സുൽത്താൻമാർ ഉണ്ടാക്കിവെച്ചിട്ടുള്ളത്. സ്ത്രീകളെ തുണിയിട്ടു മൂടി ചലിക്കുന്ന കൂടാരങ്ങൾപോലെ കൊണ്ട് നടക്കുന്നത്. ഖുറാനിലെ സ്ത്രീയുടെ ഉന്നതപദവി പോരെന്നു പറഞ്ഞു മുസ്ലീം സ്ത്രീകൾ പ്രകടനം നടത്തുന്നത്. മനുഷ്യൻ മതത്തിനു അടിമയായിക്കഴിഞ്ഞാൽ ഇതിനെക്കാൾ വലിയ വങ്കത്തവും പറയുമെന്നു മുഹമ്മദ് യൂസഫിന്റെ പ്രസംഗത്തിൽ നിന്നു തന്നെ കാണാം. അടിമകളുടെ സുഹൃത്തായ മുഹമ്മദ് നബി ആസൂത്രണം ചെയ്തിട്ടുള്ള രാഷ്ട്രീയ സംവിധാനം തികച്ചും ജനാധിപത്യ പരമാണ്. ഒരു ക്ഷേമരാഷ്ട്രത്തിന്റെ സംവിധാനക്രമങ്ങളെല്ലാം ഖുറാനിൽ നിർദ്ദേശിച്ചിട്ടുണ്ട്,,

ഇതറിഞ്ഞിരുന്നെങ്കിൽ കാറൽമാർക്സും ഏംഗൽസും കൂടി കമ്യൂണിസ്റ്റ് മാനിഫെസ്റ്റോ എഴുതാനും ലെനിൻ വിപ്ലവമുണ്ടാക്കാനും പുറപ്പെട്ടമായിരുന്നില്ലെന്നു കരുതണം. ഇനി തൊഴിലാളി വർഗ്ഗത്തിന്റെ സർവ്വാധിപത്യത്തെപ്പററിയും അംശശാസ്ത്രസിദ്ധാന്തത്തെപ്പററിയും ക്വാണ്ടം തിയറിയെപ്പററിയും ആധുനിക കവിതയെപ്പററിയും ഖുറാനിൽ പ്രതിപാദിച്ചിട്ടുണ്ടെന്നു മുഹമ്മദ യൂസഫ് പറഞ്ഞാൽ അത്ഭുതപ്പെടേണ്ട. ശ്രീരാമൻ പുഷ്പകവിമാനത്തിലാണ് വന്നതെന്നും അതുകൊണ്ട് ഇന്ത്യയിൽ മുമ്പേതന്നെ വിമാനമുണ്ടായിരുന്നെന്നും പറയുന്ന ചില ഹിന്ദു പ്രാകൃതന്മാർ മുമ്പ് ഉണ്ടായിരുന്നു. ഇന്നു അത്തരക്കാർ അധികമില്ല. പകരം മുഹമ്മദ് യൂസഫും കൂട്ടകാരും ഖുറാനെ പൊക്കി നടക്കുകയാണ്.

തനി തത്വചിന്തയാണ് ഭഗവത് ഗീതയെന്നാണ് എസ്സ്. എൻ. രാവുവിന്റെ പ്രഖ്യാപനം. നോക്കുന്നവരുടെ രീതിയനുസരിച്ച് എതു തരത്തിലും വ്യാഖ്യാനിക്കാവുന്നതാണല്ലോ ഭഗവത് ഗീത. ഇത്തരം തത്വചിന്തക്കാരിൽ നിന്നും മതക്കാരിൽ നിന്നും മഹാഭാരതത്തെ രക്ഷിച്ചെട്ടത്താൽ നന്നായിരുന്നു. എന്നാൽ പിന്നെ ലോകം ഇന്നേവരെ കണ്ടതിൽവെച്ച് ഏററവും മഹത്തായ ആ സാഹിത്യ സൃഷ്ടിക്കു ഈ രാജ്യത്തു അർഹമായ സ്ഥാനം ലഭിക്കുമെന്നു തോന്നുന്നു. ഇന്നു മതസൌഹാർദ്ദക്കാർ 'മഹാഭാരത,ത്തെ ഹിന്ദുമതപുരാണമാക്കിയൊതുക്കുന്നതുകൊണ്ട് മററു മതക്കാർ അതു കൈകൊണ്ട് തൊടുന്നതേയില്ലെന്നാണു സ്ഥിതി.

ഗിരി പ്രഭാഷണങ്ങളെടുത്തു കാട്ടിക്കൊണ്ട് മനുഷ്യസ്നേഹമാണ് ഈശ്വര സേവയെന്നു ഫാദർ സി .പി വർക്കി പ്രഖ്യാപിച്ചു. ബൈബിളിനെപ്പററിയായിരുന്നു. അദ്ദേഹത്തിന്റെ പ്രഭാഷണം. ലോകത്തിലേററവും സുന്ദരമായി വിഡ്ഢിത്തം പറഞ്ഞിട്ടുള്ളതു് ഗിരി പ്രഭാഷണത്തിലാണെന്നു സമ്മതിക്കണം. 'ആകാശത്തിലെ പറവകളെ നോക്കുക. അവ വിതക്കുന്നില്ല കൊയ്യുന്നില്ല, കളപ്പുരകൾ നിറക്കുന്നുമില്ല,, എന്നൊക്കെ യേശു പറയുന്നതു കേട്ടു മെയ്യനങ്ങാതെ ഇരുന്നാൽ വയറു നിറയുകയില്ലല്ലോ. ഇനി മനുഷ്യനെ സ്നേഹിക്കുകയാണ്. ഈശ്വര സേവയെന്നും ക്രിസ്തു അഹിംസയുടെ .അവതാരമായിരുന്നെന്നും മററും പറയുന്ന ബൈബിൾ പണ്ഡിതന്മാർ തന്നെ ബൈബിൾ ശരിക്കു വായിച്ചുനോക്കിയിട്ടുണ്ടോ എന്നറിഞ്ഞുകൂടാ. ഈശ്വരൻ പൂർണ്ണ മനുഷ്യനായി അവതരിച്ചതാണ് ക്രിസ്തു, വെന്നും ബൈബിൾ ലോകത്തിനു നൽകുന്ന യഥാർത്ഥസന്ദേശം ക്രിസ്തുവാണെ,,ന്നും ഫാദർ വർക്കി പറയുന്നുണ്ട്. ഈശ്വരൻ പൂർണ്ണ മനുഷ്യനായി ജനിച്ചതാണ് ക്രിസ്തുവെങ്കിൽ, ആ ഈശ്വരൻ സർവശക്തനാണെങ്കിൽ, ഈശ്വരനോടൊരു ചോദ്യമല്ലാ ആയിരം ചോദ്യം ചോദിക്കാനാളുണ്ടാവും. ഏലിഏലിലാമാ സബക്താനി,, എന്നു നിലവിളിച്ചുകൊണ്ട് ക്രിസ്തു കുരിശിൽക്കിടന്നു പ്രാണൻ വെടിഞ്ഞുവെന്നാണ് ബൈബിളിൽ പറയുന്നതു്. അല്ലയോ ദൈവമെ നീ എന്നെ എന്തുകൊണ്ട് കൈവെടിഞ്ഞെന്നു ക്രിസ്തു നിലവിളിച്ചത്രെ. പാവം ഇല്ലാത്ത ഒന്നിനെ നിലവിളിച്ചു കരഞ്ഞിട്ടു കാര്യമുണ്ടോ? അല്ലെങ്കിൽ എന്തിനു ഈവക കെട്ടുകഥളെപ്പററി ഇന്നത്തെ ലോകത്തിൽ പറഞ്ഞുസമയം കളയുന്നു.

പക്ഷെ സമയം മാത്രമല്ലാ, പണവും അദ്ധ്വാനവും ഇനിയും പ്രയോജനശൂന്യമായ മതത്തിന്റെ പേരിൽ കളയാൻ തന്നെ തീർച്ചപ്പെടുത്തിയിരിക്കുകയാണ് സർവ്വമത സമ്മേളനക്കാർ പന്മനയിലെ സമ്മേളനം ശാസ്താംകോട്ടയിൽ വെച്ച് വിപുലമായ തോതിൽ നടക്കാൻ പോകുന്ന ലോക സർവ്വമത സമ്മേളനത്തിന്റെ മുന്നോടിയാണെന്നു എം. കെ. കെ. നായർ പത്രസമ്മേളനത്തിൽ പ്രഖ്യാപിച്ചിരിക്കയാണ്. ചിക്കാഗോവിൽ 80 വർഷം മുമ്പ് നടന്ന ലോകസർവ്വമത സമ്മേളനം മാനുഷിക പ്രശ്നങ്ങൾ ചർച്ചചെയ്തശേഷം ആ വക പ്രശ്നങ്ങളുടെ രൂപത്തിനും ഭാവത്തിനും വ്യത്യസമുണ്ടായിട്ടുണ്ടെന്നാണ് നായർ പറയുന്നത്.

ചിക്കാഗോവിലെ സർവ്വമത .സമ്മേളനം നടന്ന ശേഷംതന്നെ മതത്തിന്റെയും വർഗ്ഗത്തിന്റെയും പേരിൽ എത്രകൂട്ടക്കൊലകളും രക്തച്ചൊരിച്ചിലുമുണ്ടായി എന്നു ഓർക്കുന്നതു നന്ന്. ഇന്ത്യയിലെങ്കിലും ഇതിനു മുമ്പൊരിക്കലും ഉണ്ടായിട്ടില്ലാത്ത വിധം കൊലപാതകം മതത്തിന്റെ പേരിൽ നടന്നിട്ടുണ്ട്. ''ആദ്ധ്യാത്മിക പ്രശ്നത്തെക്കുറിച്ച് ചർച്ച ചെയ്യുന്നതിനു ഒരു അന്താരാഷ്ട്രീയ സ്ഥാപനം രൂപീകരിക്കുന്നതിനുള്ള പരമാധികാര സമിതിയുണ്ടാക്കിയിട്ടുണ്ടെന്നും എം. കെ. കെ. നായർ പറയുന്നുണ്ട്. ലോകത്തിൽ ഏററവും സജീവ പരിഗണനയർഹിക്കുന്ന പ്രശ്നമാണല്ലോ ആദ്ധ്യത്മിക പ്രശ്നം? നായർക്കു വേറെ തൊഴിലൊന്നുമില്ല? അതോ സാഹിത്യകാരന്മാരുടെ സമ്മേളനത്തിൽ കഠിനാദ്ധ്വാനംചെയ്ത് കൃഷിചെയ്യാൻ ആഹ്വാനം നൽകിയതുപോലെ സന്യാസിമാരുടേയും പുരോഹിതന്മാരുടേയും സമ്മേളനം വിളിച്ചു കൂട്ടി എല്ലാവരോടും കൃഷിചെയ്യാൻ ആഹ്വാനം നടത്തണമെന്നായിരിക്കുമോ എം. കെ. കെ. നായർ ഉദ്ദേശിക്കുന്നത്?

**'നിർണ്ണയം' വാരികയുടെ വരിക്കാരാവുന്നതിനും ഏജൻസി വ്യവസ്ഥകൾക്കും എഴുതേണ്ട മേൽവിലാസം.**

**മാനേജർ 'നിർണ്ണയം'**
**കോൺവെന്റ് റോഡ്**
**എറണാകുളം, കൊച്ചി–11**

**വാർഷിക വരിസംഖ്യ 16 ക.**
**അർദ്ധവർഷത്തേക്കു് 8 ക.**

# യഥാർത്ഥ മതേതരത്വം

മഹാരാഷ്ട്രയിലെ വർഗീയലഹളകളിൽ മരിച്ചവരുടെ എണ്ണം തിട്ടപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. ബോംബെയിൽ ശിവജി ജയന്തിയോടനുബന്ധിച്ച് നടത്തിയ ഘോഷയാത്രക്കു നേരെ ആരോ കല്ലെറിഞ്ഞതാണത്രെ ലഹള പൊട്ടിപ്പുറപ്പെടാൻ കാരണം. "ന്യൂനപക്ഷ"ക്കാരുടെ ദേവാലയത്തിനുള്ളിൽ നിന്നു കല്ലേറും ബോംബേറും ഉണ്ടായിയെന്നാണ് റിപ്പോർട്ട്. തുടർന്നു കൊലയും കൊള്ളിവെപ്പും കവർച്ചയും പതിവനുസരിച്ചു നടന്നു. മുപ്പതിനായിരമാളുകൾ ഭവന രഹിതരായിട്ടുണ്ടെന്നാണ് ആദ്യത്തെ കണക്കിൽ തന്നെ പറയുന്നത്.

എല്ലാം കണ്ട് പഴകിയ നാടകത്തിന്റെ ആവർത്തനം പോലെയുണ്ട്. ഘോഷയാത്ര, കല്ലേറ്, ലഹള, തീവെപ്പ്, പട്ടാളത്തെവിളിക്കൽ, ജൂഡിഷ്യൽ അന്വേഷണം, ഉൽഗ്രഥന സമിതിയോഗം—ദീവന്തിലഹളകളെക്കുറിച്ചും ഇതെല്ലാം ആവർത്തിക്കുമെന്നു തീർച്ച. കേന്ദ്ര അഭ്യന്തരമന്ത്രി ചവാൻ സ്ഥലം സന്ദർശിക്കുന്നുണ്ട്. ജൂഡിഷ്യൻ അന്വേഷണം പ്രതീക്ഷിക്കാം. പാർലിമെന്റിൽ ചർച്ചയും ഉൽഗ്രഥന സമിതിയുടെ യോഗവും പുറകെയുണ്ടാകും. പക്ഷെ, വർഗീയ ലഹളകൾ ഇതുകൊണ്ടൊന്നും അവസാനിക്കുകയില്ലെന്നു മാത്രം.

ആരോ കരുതിക്കൂട്ടി ആസൂത്രണം ചെയ്ത രീതിയിലാണ് ലഹളകളുടെ ഗതിയെന്ന് ആരോപണമുണ്ടാകുന്നുണ്ട്. ഈയാരോപണത്തിൽ കാമ്പില്ലാതെയില്ല, കുറച്ചു ദിവസം മുമ്പ് ബീഹാറിലെ ഛായിബസാ പട്ടണത്തിൽ നടന്ന വർഗീയ ലഹളയും ദീവന്തിയിലെ ലഹളയും തമ്മിൽ സാമ്യമുണ്ട്. ഘോഷയാത്രക്കു നേരെ കല്ലേറും ബോംബേറും നടത്തി മത വികാരങ്ങൾ ആളിക്കത്തിച്ച്, തീവെപ്പുകളും കൊള്ളയും നടത്തുവാൻ ശ്രമമുണ്ടായിരിക്കണം.

വർഗീയ ലഹളകൾ അധികവും നടക്കുന്നത് പാക്കിസ്ഥാനിലെ ന്യൂനപക്ഷത്തെ മർദ്ദിക്കുന്നുവെന്ന വാർത്ത വരുമ്പോഴാണെന്നത് ശ്രദ്ധിക്കാതെ തരമില്ല. ഈയിടെയായി അത്തരം വാർത്തകൾ ഉണ്ടായിരുന്നു. പാർലിമെന്റിൽ അതിനെക്കുറിച്ച് ചർച്ച നടന്നു. പാക്കിസ്ഥാനിലെ ന്യൂനപക്ഷക്കാരെ രക്ഷിക്കാൻ നിവൃത്തിയില്ലെന്നു നിസ്സഹായത കേന്ദ്ര മന്ത്രി പ്രകടിപ്പിക്കുകയും ചെയ്തു. ഈ പശ്ചാത്തലത്തിൽ ഇന്ത്യയിൽ വർഗീയ ലഹളയുണ്ടാകുന്നുവെങ്കിൽ അതിന്റെ പിന്നിൽ ആസൂത്രിതമായ സംരംഭങ്ങൾ നടന്നിരിക്കാനിടയുണ്ട്.

ചിലർ സംഘടിതമായി ബോധപൂർവ്വം ലഹളകൾ കുത്തിയിറക്കുന്നതിൽ പങ്കുവഹിക്കുന്നുണ്ടായിരിക്കണം. ഒന്നു മനസ്സിലാക്കണം. ഉള്ള വർഗീയത ഇളക്കിവിടുകയാണ്. ഇല്ലാത്തത് ഉണ്ടാക്കുകയല്ല. രാജ്യസഭയിൽ തന്നെ ജനസംഘം നേതാവ് ഡോക്ടർ ഭായി മുഹാബിർ ചെയ്ത പ്രസംഗം സൂക്ഷിക്കേണ്ടതാണ്. പാക്കിസ്ഥാനിൽ നിന്നു ന്യൂനപക്ഷക്കാർ ഒഴിച്ചു പോരുന്നതിനെപ്പററി ചർച്ച നടത്തിയ അവസരത്തിലാണ് ഡോക്ടർ മുഹാബീറിന്റെ പ്രസംഗം ഉണ്ടായത്. അദ്ദേഹം സർദാർ പട്ടേലിന്റെ പ്രസ്താവന ഉദ്ധരിച്ചു. അഭയാർത്ഥികളുടേയും ന്യൂനപക്ഷക്കാരുടേയും "വൺ വെ ട്രാഫിക്കി"നെപ്പററി ഡോക്ടർ മഹാബീർ സൂചിപ്പിച്ചു. പാക്കിസ്ഥാനു മനസ്സിലാകുന്ന ഭാഷയിൽ മറുപടി പറയണമെന്നും ജനസംഘം നേതാവ് ആവശ്യപ്പെട്ടു.

ഡോക്ടർ മഹാബീറിന്റെ പ്രസംഗത്തിൽ കേന്ദ്രമന്ത്രി ദിനേശ്സിങ്ങ് ഉൾപ്പടെയുള്ളവർ പ്രതിഷേധിച്ചു. ഇന്ത്യയിലെ ന്യൂനപക്ഷങ്ങളെ പുറത്താക്കണമെന്നല്ലതാൻ ആവശ്യപ്പെടുന്നതെന്നും 'വൺവേ ട്രാഫിക്ക്' അവസാനിപ്പിക്കാൻ നടപടിയെടുക്കണമെന്നാണ് ആവശ്യപ്പെടുന്നതെന്നും ജനസംഘം നേതാവ് പിന്നീട് വിശദീകരിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ വിശദീകരണത്തിലും 'വൺവേ ട്രാഫിക്ക്' എന്ന പദമാണ് ഉപയോഗിച്ചിട്ടുള്ളതു്. ഇതിന്റെയർത്ഥം അഭയാർത്ഥിപ്രവാഹം ഒരുഭാഗത്തേക്കുമാത്രമായാൽ പററില്ലെന്നാണ്. ജനസംഘം നേതാക്കൾ കരുതുന്നതു് എന്നാണ്, അതുകൊണ്ടുതന്നെ പാക്കിസ്ഥാനിൽനിന്നു ന്യൂനപക്ഷപ്രവാഹമുണ്ടാകുമ്പോൾ ഇന്ത്യയിൽനിന്നു പാക്കിസ്ഥാനിലേക്കും ന്യൂനപക്ഷപ്രവാഹമുണ്ടാകാൻ അവർ ശ്രമിക്കുന്നുണ്ടാകണം.

അത്യന്തം ക്രൂരതയും നിഷ്ഠൂരതയും നിറഞ്ഞ ചിന്താഗതിയാണ് ഇതു് എന്നു പ്രത്യേകം പറയേണ്ടതില്ല. പാക്കിസ്ഥാനിലെ ഹിന്ദുന്യൂനപക്ഷത്തിന്റെ രക്ഷയുറപ്പുവരുത്തുന്നതിനു ഇന്ത്യയിലെ ന്യൂനപക്ഷക്കാരായ മുസ്ലീമുകളെ പണയാളുകളായി (ഹോസ്റ്റേജ) ഉപയോഗിക്കലല്ലാതെ മറെറാന്നുമല്ല ഇതു്. നിരപരാധികളായ എത്രയോപേരുടെ ജീവൻ ഈ പണയാളുസിദ്ധാന്തത്തിൽ ദഹിച്ചു ചാമ്പലാവുന്നു. ജനനംകൊണ്ടുമാത്രം മുസ്ലീമായിപ്പോയ നിസ്സഹായർ തെരുവിൽ തല്ലിക്കൊല്ലപ്പെടുന്നു. ലോകം കണ്ടിട്ടുള്ളതിലേററവും ക്രൂരവും നിഷ്ഠൂരവും മനുഷ്യത്വമില്ലാത്തതുമാണ് ഈ പണയാളുകളുടെ കൊല. ഏററവും പ്രാകൃതനായ മനുഷ്യനുപോലും കൈവിറയുണ്ടാക്കുന്നതാണതു്. ചിന്തിക്കുന്നവർക്കാർക്കും വേദനയും നീററലും ഉണ്ടാകാതിരിക്കാൻ നിർവ്വാഹമില്ല. പക്ഷെ, ഒട്ടും അത്ഭുതത്തിനവകാശമില്ല. മനസ്സിലാക്കാൻവയ്യാത്തതായി ഞങ്ങളൊന്നുംതന്നെ ഈ വർഗ്ഗീയതാണ്ഡവത്തിൽ കാണുന്നില്ല. പാക്കിസ്ഥാൻ സൃഷ്ടിച്ചയവസരത്തിൽ മുസ്ലീംലീഗിന്റെ നേതാക്കളാണ് പണയാളുകളായി ന്യൂനപക്ഷക്കാർ ഇരു രാ

---

## കമ്പോഡിയായിലെ സംഭവങ്ങൾ

(4-ാം പേജ് തുടർച്ച)

സിംഹനൌക്ക് കരുതിയിരുന്നു. കമ്മ്യൂണിസത്തോട് ഫ്രാൻസിനും അമേരിക്കക്കുമുള്ള പേടി മുതലെടുത്തുകൊണ്ട്, ഉടനടി തനിക്കു സ്വാതന്ത്ര്യം നൽകിയില്ലെങ്കിൽ രാജ്യമൊട്ടാകെ കമ്യൂണിസ്റ്റായിപ്പോകുമെന്നു സിഹനൌക്ക് പേടിപ്പെടുത്തി. തന്ത്രം വിജയിച്ചു. 1953ൽ സ്വാതന്ത്ര്യംകിട്ടിയ ശേഷം (മിക്കവാറും രാജകുമാരന്റെ വിജയമായാണ് കമ്പോഡിയൻജനത സ്വാതന്ത്ര്യത്തെ കണക്കാക്കിയതു്) ദേശീയതയെയാണ് സിഹനൌക്ക് തന്റെ നയത്തിന്റെ മുഖ്യഘടകമായി കരുതിപ്പോന്നതു്. ഖ്മേർ രാഷ്ട്രത്തിനുവേണ്ടിയുള്ള സിഹനൌക്കിന്റെമോഹം ജനതയുടെ പിന്തുണ നേടാൻ മാത്രം വേണ്ടിയുള്ള സ്വാർത്ഥപരമായ അടവായിരുന്നില്ല. പ്രതാപശാലികളായ ജയവർമ്മനന്മാരുടെ പിന്തുടർച്ചാവകാശിയെന്ന ബോധവും, കനത്ത ആത്മാഭിമാനവും പുരാതനമായ ഖ്മേർ സംസ്കാരത്തെക്കുറിച്ചുള്ള അഭിമാനവും ഒരു കടുത്ത ദേശീയവാദിയാകാൻ അദ്ദേഹത്തെ സഹായിച്ചു. ഈ ദേശീയതയും സ്വന്തംനിലനിൽപ്പിനുവേണ്ടിയുള്ള കണക്കുകൂട്ടലുമാണ് നിഷ്ഫലവും സാമ്രാജ്യത്വവിരുദ്ധവുമായ നയം അവലംബിക്കാൻ സിഹനൌക്കിനെ പ്രേരിപ്പിച്ചതു്.

(തുടരും)

കടപ്പാട് — ഫ്രണ്ടിയർ.

ജ്യങ്ങളിലും കഴിഞ്ഞുകൂട്ടമെന്നസിദ്ധാന്തം ആദ്യം അവതരിപ്പിച്ചവർ. ജനസംഘക്കാരും ആർ. എസ്. എസ്.കാരും മുസ്ലിംലീഗിൻെറ സിദ്ധാന്തം നടപ്പാക്കുകയാണ് ചെയ്യുന്നതു്. പാക്കിസ്ഥാനിലെ ഹിന്ദുക്കളെ ദ്രോഹിച്ചാൽ ഇന്ത്യയിലെ മുസ്ലിമുകൾക്ക രക്ഷയില്ലെന്ന നിലവരുത്തണമെന്നു അവർ ആഗ്രഹിക്കുന്നുണ്ടാകണം.

അതനുവദിക്കണമോ എന്നാണ് ഇപ്പോൾ ചിന്തിക്കേണ്ടതു്. ചരിത്രയാഥാർത്ഥ്യങ്ങളെ മറന്നു ആലോചിച്ചതുകൊണ്ട് കാര്യമില്ല. ഇന്ത്യയിലെ ന്യൂനപക്ഷപ്രശ്നവും വർഗ്ഗീയതയും പാക്കിസ്ഥാൻ സൃഷ്ടിയുമായി അഭേദ്യമാംവണ്ണം ബന്ധപ്പെട്ടതാണ്. ഇന്ത്യയിൽ വർഗീയ കൊലപാതകങ്ങൾ ഉണ്ടാകുന്നുവെന്നുവെച്ചാൽ അതിൻെറയർത്ഥം മതേതരത്വം ഇന്ത്യയിൽ പരാജയപ്പെട്ടുവെന്നാണ്.

മതേതരത്വമാണ് വർഗീയ കലാപങ്ങൾക്ക ഏക പരിഹാരമെന്നു പ്രസംഗിക്കുന്നതിൽ നമ്മുടെ നേതാക്കൾ ആരുടേയും പിന്നിലല്ലാ. ഭിവണ്ടിയിലെ ലഹളകളെ പരമാർശിച്ചുകൊണ്ട് അഭ്യന്തര മന്ത്രി ചവാനും അതുതന്നെ പറഞ്ഞിട്ടുണ്ടു്. പക്ഷെ നേതാക്കൾക്ക് അറിഞ്ഞുകൂടാത്തതു് മതേതരത്വത്തിൻെറ അർത്ഥമാണ്. മതേതരമെന്നതിനു അവർ നൽകുന്നയർത്ഥം മതപരമെന്നാണ്. ഇന്ത്യയുടെ ഭരണഘടന മതേതരമാണെന്നു് അവർ ഉൽഘോഷിക്കുന്നതും അതുകൊണ്ടാണ്.

യഥാർത്ഥത്തിൽ ഇന്ത്യയുടെ ഭരണഘടന മതേതരമല്ല. അതു് മതപരമാണ്. ആമുഖംതൊട്ട് മതസംരക്ഷണം ഏറെറടുത്തിട്ടുള്ളതാണ് നമ്മുടെ ഭരണഘടന. പാക്കിസ്ഥാൻെറയും മുസ്ലീംലീഗിൻെറയും പശ്ചാത്തലത്തിൽ, ഗാന്ധിയുടെ മതസൗഹാർദ്ദസിദ്ധാന്തത്തിൻെറ അടിസ്ഥാനത്തിൽ ഉണ്ടാക്കിയ ഭരണഘടന അങ്ങിനെയായതിൽ അത്ഭുതമില്ല. വാസ്തവത്തിൽ ഭരണഘടനയിലെ മൗലികാവകാശങ്ങളിൽ മുക്കാൽ പങ്കും മതത്തേയോ, ജാതിയേയോ പററിപറയുന്നവയാണ്. മതവിശ്വാസങ്ങൾക്കും മതപ്രചരണസ്വാതന്ത്ര്യത്തിനും ഭരണഘടന ഉറപ്പുനൽകുന്നു. മതകാര്യങ്ങൾ ഇഷ്ടംപോലെ നടത്താനും മതസ്ഥാപനങ്ങളുടെ ഭരണസ്വാതന്ത്ര്യത്തിനും ഭരണഘടന അവകാശം കൊടുത്തിട്ടുണ്ട്. പ്രത്യേക മതത്തെ പ്രോത്സാഹിപ്പിക്കാൻ നികുതി ചുമത്താവുന്നതല്ലെന്നു ഭരണഘടന വിലക്കുന്നു. ചില വിദ്യഭ്യാസസ്ഥാപനങ്ങളിൽ മതവിദ്യാഭ്യാസം നടത്താനും മതപ്രാർത്ഥനകൾ നടത്താനുമുള്ള അവകാശവും ഭരണഘടന പരിരക്ഷിക്കുന്നു. ന്യൂനപക്ഷ മതക്കാരുടെ "സാംസ്കാരിക വിദ്യാഭ്യാസാവകാശങ്ങളും" ഭരണഘടനയിൽ സംരക്ഷിക്കപ്പെട്ടുണ്ടു്. പോരാത്തതിനു ന്യൂനപക്ഷമതക്കാർക്ക ഇഷ്ടംപോലെ വിദ്യാലയങ്ങൾ സ്ഥാപിച്ച് ഭരിക്കാനും അവകാശം കൊടുത്തിട്ടുണ്ടു്.

ഈ അവകാശങ്ങളും ഉറപ്പുകളും നൽകുന്നതിനു നമ്മുടെ ഭരണഘടനയിൽ പ്രത്യേകം പ്രത്യേകം ഖണ്ഡികകളും ഖണ്ഡികകൾക്കതന്നെ ഉപവകുപ്പുകളും ചേർത്തു് എഴുതിവെച്ചിട്ടുണ്ടെന്നു ഓർക്കണം. ആധുനിക ലോകത്ത് മതത്തിനു ഇത്രയേറെ പ്രാധാന്യം നൽകുന്ന ഒരു ഭരണഘടനയുണ്ടാകുമോയെന്നു ആരും അമ്പരന്നുപോകും. ക്രിസ്തുവർഷം 1787ൽ ഉണ്ടാക്കിയ അമേരിക്കൻ ഭരണഘടന പോലും മതസ്വാതന്ത്ര്യത്തെപ്പററി ഒന്നും തന്നെ പറഞ്ഞിരുന്നില്ലെന്നു ഓർക്കേണ്ടതാണ്. അമേരിക്കൻ ഭരണഘടനയുടെ ഒന്നാം ഭേദഗതിയിലാണ് ആദ്യം മതത്തെപ്പററി പരമാർശനമുണ്ടായതു്. അതുതന്നെ ഗവർമ്മെണ്ട് മതം സ്ഥാപിക്കുന്നതു സംബന്ധിച്ചോ, മതാനുഷ്ഠാനത്തെ സംബന്ധിച്ചോ നിയമനിർമ്മാണം നടത്തരുതെന്നു വിലക്കുന്ന ഭേദഗതിയായിരുന്നു. മത പ്രോത്സാഹനത്തിനുള്ളതായിരുന്നില്ല.

നമ്മുടെ ഭരണഘടന മതേതരമാണെന്നു പ്രചരിപ്പിക്കുന്നവർ ഒന്നുകിൽ മതേതരത്തിൻെറയർത്ഥം മനസ്സിലാക്കാത്തവരാണ് അല്ലെങ്കിൽ കരുതിക്കൂട്ടി ദുർവ്യാഖ്യാനം ചെയ്ത് യഥാർത്ഥ മതേതരത്വത്തിൽ നിന്നു രാജ്യത്തെ തടഞ്ഞു നിർത്തുന്നവരാണ്. വാരിവലിച്ച് ഓരോരുത്തൻെറയും ഇംഗിതവും താല്പര്യവുമനുസരിച്ച് പരസ്പര വിരുദ്ധമായി പത്തുനാനൂറു ഖണ്ഡികകളും ഒമ്പത് പട്ടികയും എഴുതിക്കൂട്ടിയതാണ്നമ്മുടെഭരണഘടനയെന്ന സത്വം. ലോകത്തിലേററവും വലുതായ ആ ഭരണഘടനയിൽ മതേതരമെന്ന പദം ഒരിക്കൽ മാത്രമേ പ്രയോഗിച്ചിട്ടുള്ളൂ. പ്രയോഗിച്ചിട്ടുള്ളത് ശരിയായ അർത്ഥത്തിൽ തന്നെയാണ്.

ഭരണഘടനയുടെ 25-ാം ഖണ്ഡികയിലാണ് മതേതരമെന്ന പദം കാണുന്നത്. മത പ്രചരണത്തിനും മതാനുഷ്ഠാനത്തിനും ഉള്ള സ്വാതന്ത്ര്യം ഉറപ്പ് നൽകുന്ന ആ ഖണ്ഡികയുടെ 2 (എ) ഉപ വകുപ്പിൽ 'മതേതരം' കാണാം. മതാനുഷ്ഠാനവുമായി ബന്ധപ്പെട്ട സാമ്പത്തികമോ, രാഷ്ട്രീയമോ മററു മതേതരമോ ആയ പ്രവർത്തനങ്ങളെ ക്രമീകരിക്കുന്നതിനുള്ള നിയമ നിർമ്മാണം നടത്തുന്നതിനു ഈ ഖണ്ഡിക തടസ്സമാകുകയില്ലെന്നാണ് ഉപ വകുപ്പിൽ പറയുന്നതു്.

ഇവിടെ മതേതരമെന്ന വാക്കിൻെറയർത്ഥം വ്യക്തമാണല്ലോ. മത ചടങ്ങുകളിൽ നിന്നു വ്യത്യസ്തമായി നടത്തുന്ന പ്രവർത്തികളെത്തന്നെയാണ് മതേതരമെന്ന പദം കൊണ്ട് അർത്ഥമാക്കിയിരിക്കുന്നത്. അതായത് പള്ളിവളപ്പിൽ കച്ചവടവും വ്യവസായവും കുടിയേററവുമുണ്ടായാൽ അതൊക്കെ ക്രമീകരാക്കാനും അതു സംബന്ധിച്ച് നിയമ നിർമ്മാണം നടത്താനും ഗവർമ്മെണ്ടിനു അധികാരമുണ്ട്.

അങ്ങിനെ ലോകത്തെവിടെയും മനസ്സിലാക്കുന്ന തരത്തിൽ 'മതേതര'മെന്നു ഒരിക്കൽ മാത്രം പറഞ്ഞിട്ടുള്ളതും യഥാർത്ഥത്തിൽ മത പ്രോത്സാഹനം നടത്തുന്നതുമായ ഭരണഘടനയുടെ അടിസ്ഥാനത്തിലാണ് നമ്മുടെ രാഷ്ട്രം മതേതരമാണെന്നു നേതാക്കൾ പറഞ്ഞു നടക്കുന്നത്. അതു തന്നെയാണ് 'മതേതരത്വം' സ്ഥാപിക്കാൻ അവർക്ക സാധിക്കാത്തതും. മത പരത വളർത്തുന്നതും അതുകൊണ്ടാണ്. മതത്തിൻെറ ഭാഗമായതു കൊണ്ട് വർഗീയതയും വളർന്നുവരുന്നു.

ഇതവസാനിപ്പിക്കണമെങ്കിൽ മതേതരത്വത്തെ ശരിയായ അർത്ഥത്തിൽ തന്നെ മനസ്സിലാക്കി പ്രയോഗിക്കണം. മതമില്ലാതാക്കലാണ് മതേതരത്വത്തിൻെറ ശരിയായ അരത്ഥം. മതവുമായി അകലാനാണ് അത് പ്രേരിപ്പിക്കേണ്ടത്. മതത്തിൻെറ സ്വാധീനം എവിടെയൊക്കെയുണ്ടോ അതവസാനിപ്പിക്കാൻ മതേതരവാദി ബാദ്ധ്യസ്ഥനാണ്. അതുകൊണ്ടാണ് പ്രാർത്ഥനകൾ ചൊല്ലുന്ന വിദ്യാലയങ്ങൾക്ക ഗ്രാൻറുപോലും നൽകാവുന്നതല്ലെന്ന നില അമേരിക്കയിലുണ്ടായത്. മറിച്ച് ഇന്ത്യയിൽ, ഓരോ തവണയും മതത്തിനു കൂടുതൽ പ്രോത്സാഹനമല്ലേ നൽകിക്കൊണ്ടിരിക്കുന്നത്?

ഉൽഗ്രഥനസമിതികൾ സമ്മേളിച്ചുകഴിഞ്ഞാലെടുക്കുന്ന തീരുമാനങ്ങൾ നോക്കിയാൽ ഇതു കാണാം. വർഗ്ഗീയതയവസാനിപ്പിക്കാൻ അവർ കണ്ടെത്തുന്ന മാർഗ്ഗങ്ങൾ വിചിത്രമാണ്. എല്ലാ മതത്തിൻെറയും പ്രവാചകരുടെ ജീവചരിത്രങ്ങൾ പാഠപ്പുസ്തകങ്ങളിൽ എഴുതിച്ചേർക്കണമെന്നു് അവർ നിർദ്ദേശിക്കും. പോലീസിലും പ-

ട്ടാളത്തിലും മതാടിസ്ഥാനത്തിൽ ആളുകളെച്ചേർക്കണമെന്ന് അവർ ശുപാർശചെയ്യും. ഈ നിലക്ക് പോയാൽ വർഗ്ഗീയ ലഹള പട്ടാളത്തിലേക്കും വ്യാപിക്കാൻ വലിയ താമസമില്ല.

അതു് ഉണ്ടാകാതിരിക്കുന്നതിനു ഒരേ ഒരു പോംവഴിയേയുള്ളു. മതത്തെ തികച്ചും തുടച്ചുനീക്കുക. അധികാരസ്ഥാനത്തുള്ളവർ അതിനാണ് ശ്രമിക്കേണ്ടതു്. അതാണ് യഥാർത്ഥ മതേതരത്വം. അങ്ങിനെമതസ്വാധീനത്തിൽനിന്നു വിമുക്തമാകുന്ന ജനത മാത്രമേ വർഗീയതയിൽനിന്നും വിമുക്തമാകുകയുള്ളു. ഇന്ത്യക്ക് ഈ കാര്യത്തിൽ ലോകത്തിനു മാതൃകയാകാൻ കഴിയും. പാശ്ചാത്യർ ഇന്ത്യയുടെ 'ആത്മീയത'യെ പ്രശംസിക്കുന്നതു കേട്ട് ഞെളിയുന്നവർ ആരും വിശ്വാസമില്ലാത്തവരാണ്. ഇന്ത്യയിൽ യഥാർത്ഥത്തിൽ മതമില്ല. മതമല്ലാത്ത മതമാണ് ഹിന്ദുമതം. അതിന്റെയടിസ്ഥാനം ജാതിയാണ്. വിശ്വാസങ്ങളല്ല. ജാതിയെ നശിപ്പിക്കാൻനാം തീരുമാനിച്ചു കഴിഞ്ഞു. ജാതിയിൽനിന്നു വിമുക്തമാകുന്ന ഇന്ത്യയുണ്ടാകുന്നുവെന്നതിന്റെയർത്ഥം ഹിന്ദുമതമില്ലാതാവുന്നുവെന്നതാണ്. അങ്ങിനെ മതമില്ലാത്ത ഭൂരിപക്ഷംവരുന്ന ഒരു കൂട്ടരും മതവിശ്വാസികളായ ന്യൂനപക്ഷക്കാരും ചേർന്ന ഇന്ത്യയാണോ നാം വിഭാവനം ചെയ്യുന്നതു്?

ജാതിനശിപ്പിക്കാൻ തീരുമാനിക്കുകയും ഹിന്ദുക്കളെയാകെ പരിഷ്ക്കരിക്കാൻ നിയമനിർമ്മാണം നടത്തുകയും ചെയ്തു വഴി രാജ്യത്തിനുവേണ്ടി മതകാര്യങ്ങളിൽ ഇടപെടാമെന്ന കീഴ്‌വഴക്കം വന്നു കഴിഞ്ഞു. ഇനി അതു് മുസ്ലീമുകളുൾപ്പെടെ എല്ലാ മതക്കാർക്കും ബാധകമാക്കുകയാണ് വേണ്ടതു്. അതിനു ഭരണഘടന തടസ്സമുണ്ടാക്കുന്നുവെങ്കിൽ ഭരണഘടന മാററണം. പാശ്ചാത്യരാജ്യങ്ങളിൽ മതകാര്യങ്ങളിൽ ഇടപെടാതിരിക്കുന്നിടത്തോളമേ മതേതരത്വം വളർത്തിയിട്ടുള്ളൂ. ശാസ്ത്രീയവീക്ഷണത്തിന്റെയും യുക്തിചിന്തയുടേയും വിദ്യാഭ്യാസത്തിന്റെയും വളർച്ചകാരണം അവിടങ്ങളിൽ ഇന്ന് മതം വ്യക്തിപരമായ കാര്യം എന്ന നിലക്ക് വിട്ടാലും കുഴപ്പമില്ല. ഇന്ത്യയിലെ സ്ഥിതി അതല്ലായെന്ന് അനുദിനമെന്നോണം ഉണ്ടായിക്കൊണ്ടിരിക്കുന്ന വർഗീയ കലാപങ്ങൾ തെളിയിക്കുന്നു. ഇന്ത്യയുടെ മതം സാമൂഹ്യപ്രശ്നമാണ്. അന്താരാഷ്ട്രപ്രശ്നം പോലുമാണ് അതുകൊണ്ട് ആ നിലയിൽതന്നെ കൈകാര്യം ചെയ്യാതെ നിർവ്വാഹമില്ല.

മതവിമുക്തമായ ഇന്ത്യക്കുവേണ്ടിയായിരിക്കണം നമ്മുടെ ശ്രമങ്ങൾ. ഇന്ത്യയൊരിക്കലും മതേതരരാജ്യമാകുകയില്ലെന്നു പറയുന്നവർ ഇന്ത്യയിലുണ്ട്. മുസ്ലീം ലീഗ്, നേതാവ് ബാഫക്കി അടുത്ത ദിവസം അങ്ങിനെ പറയുകയുണ്ടായി. അത്തരം അഭിപ്രായങ്ങൾക്കെതിരെ ശക്തിയെ ആക്രമണം നടത്തേണ്ടിയിരിക്കുന്നു. പ്രവർത്തിയിലൂടെയാണ് ഈയാക്രമണം നടത്തേണ്ടതു്. മതത്തിന്റെ പേരിൽ മനുഷ്യരെ ഭിന്നിപ്പിക്കുകയില്ലെന്നു പറയുന്നതിന്റെയർത്ഥം വിവിധമതക്കാരെ കള്ളറകളിലാക്കി സൂക്ഷിക്കുമെന്നല്ലായെന്നു മനസ്സിലാക്കിക്കൊടുക്കേണ്ട സമയമാണിതു്.

ഗവർമ്മെണ്ടിനെക്കൊണ്ട് ഈ വഴിക്കു ശ്രമം നടത്തിക്കാനുള്ള ചുമതല തഥാർത്ഥ മതേതരവാദികൾക്കുണ്ട്. ബോമ്പെയിൽ മാത്രമാണ് ഇന്നു ഇത്തരത്തിൽ എന്തെങ്കിലും ശ്രമം ആരംഭിച്ചിട്ടുള്ളതു്: 'ഇന്ത്യൻ സെക്കുലർ ഫോറത്തിന്റെ നേതൃത്വത്തിൽ എ. ബി. ഷാ ഹമീദ്‌ദെൽവായ് തുടങ്ങിയവർ എളിയതോതിൽ യഥാർത്ഥ മതേതരത്വത്തിനുവേണ്ടി പരിശ്രമം തുടങ്ങീട്ടുണ്ട്. അവർ ആരംഭിച്ചിട്ടേയുള്ളൂ. മഹാരാഷ്ട്രയിലെ വർഗീയ ലഹളകൾ അവരുടെ ആശയങ്ങൾ പ്രചരിപ്പിക്കുന്നതിനു നല്ല സന്ദർഭമാണുണ്ടാക്കിയിരിക്കുന്നതു്.

ഇവിടെ കേരളത്തിന്റെ കാര്യം എടുത്തു പറയേണ്ടതുണ്ട്. ഈയടുത്ത ദിവസം മട്ടാഞ്ചേരിയിലും ചെറിയ തോതിൽ വർഗീയ ലഹളയുണ്ടായി. മഹാരാഷ്ട്രയിലുണ്ടായത്ര കൊലപാതകം ഉണ്ടായില്ലെന്നേയുള്ളു. എന്നാൽ നമ്മുടെ യുക്തിവാദി സംഘവും മററും ഈ വക കാര്യങ്ങളിൽ ഒട്ടും ശ്രദ്ധിച്ചു കാണുന്നില്ല. അവരും അവരുടെ പത്രങ്ങളും ചെകുത്താനെയും ചാത്തനേയും പിശാചിനേയും കുറിച്ച് ഗവേഷണം നടത്തിക്കൊണ്ടിരിക്കുകയാണ്. ഇല്ലാത്ത ചെകുത്താനിൽ നിന്നും ദൈവത്തിൽ നിന്നും മനുഷ്യനെ മോചിപ്പിക്കാൻ ശ്രമിക്കേണ്ട വല്ലയാവശ്യവും ഇപ്പോഴുണ്ടോ? ഉള്ളമതത്തിൽ നിന്നും വർഗീയതയിൽ നിന്നും മനുഷ്യനെമോചിപ്പിക്കാൻ ഇവർ കൂടുതൽ ശ്രദ്ധിച്ചെങ്കിൽ എത്ര നന്നായിരുന്നു. കാരണം യുക്തിവാദികളാണ് യഥാർത്ഥ മതേതര വാദികൾ. അല്ലെങ്കിൽ യുക്തി വാദികൾക്കു മാത്രമേ മതേതര വാദികളാകാൻ പററൂവെന്നാണ് യാഥാർത്ഥ്യം. സാമൂഹ്യജീവിതത്തിൽ നിന്നും വ്യക്തി ജീവിതത്തിൽ നിന്നും മതത്തിന്റെ സ്വാധീനമില്ലാതാക്കുന്നതിനുവേണ്ടി യഥാർത്ഥ മതേതരവാദികൾ ശ്രമിക്കുമോ? മതത്തെ നശിപ്പിക്കണമെന്നു ഉന്നതരായ രാഷ്ട്രീയ നേതാക്കൾ ആരെങ്കിലും വെട്ടിത്തുറന്നു പറയാൻ ധൈര്യം കാണിക്കുന്നുവെങ്കിൽ യുക്തിയുക്തമായ ഒരു വാദത്തിനെങ്കിലും അത് ഇടയാക്കുമായിരുന്നു. ഒരിക്കൽ ആ വിവാദം ആരംഭിക്കുന്നുവെങ്കിൽ മതവാദികൾ പരാജയപ്പെടുമെന്നു തീർച്ച. കാരണം മതം യുക്തിഹീനമായതുതന്നെ.

---

കാഴ്ചപ്പാടുകൾ (2-ാം പേജ് തുടർച്ച)

വിദ്യാർത്ഥികൾ കോടതികളെ ശരണം പ്രാപിക്കുന്നതിനെപ്പററിയും പ്രിൻസിപ്പൽമാർക്ക് കോടതിയുത്തരവുകളോടും വൈസ് ചാൻസലറുടെ ഉത്തരവിനോടുമുള്ളവ്യത്യസ്തമായ പ്രതികരണങ്ങൾ ഉദ്ദേശപൂർവ്വം ചൂണ്ടിക്കാണിച്ചതാണ്, ഒന്നാമതായി വിദ്യാർത്ഥികളോട് പ്രിൻസിപ്പൽമാർ നീതിപൂർവ്വം പെരുമാറുന്നില്ലെന്ന് റിട്ട് ഹർജികളിൽനിന്നു മനസിലാക്കണം. മുമ്പു ഡിറെറൻഷൻ അധികാരം പ്രിൻസിപ്പൽമാരും മാനേജ്മെൻറും വിദ്യാർത്ഥികൾക്കെതിരായ പ്രതികാരനടപടിയായി പലതരത്തിൽ ഉപയോഗപ്പെടുത്തിയിരുന്നു. വിദ്യാർത്ഥികൾ ദീർഘമായ സമരങ്ങൾ നടത്തി ഡിറെറൻഷൻ ഏതാണ്ട് അവസാനിപ്പിച്ചിട്ടുണ്ട്. പക്ഷെ അതിനുപകരം മാനേജ്മെൻറും പ്രിൻസിപ്പലും വിദ്യാർത്ഥികൾക്കെതിരെ പ്രതികാരനടപടിയെടുക്കാൻ കണ്ടെത്തിയിട്ടുള്ള പുതിയആയുധമാണ് ഹോൾ ടിക്കററ് തടയൽ. ഹോൾടിക്കററ് തടയുന്നതിനു പറയുന്ന ന്യായം ഹാജരില്ലായ്മയുമാണ് ഈ സമ്പ്രദായം ഏതാണ്ട് വഞ്ചനാപരമായി തന്നെ പല കോളേജ്മാനേജ് മെൻറുകളും പ്രിൻസിപ്പൽമാരും ഉപയോഗിച്ചിട്ടുള്ളതിനു ഉദാഹരണങ്ങളുണ്ട്. അന്ത്യനിമിഷത്തിലായിരിക്കും പ്രിൻസിപ്പൽ തന്റെ ഹാജർസർട്ടിഫിക്കററ് യൂണിവേഴ്സിററിക്ക് അയച്ചിട്ടില്ലെന്നു വിദ്യാർത്ഥിഅറിഞ്ഞിരുന്നതു്. അവസാനം ഹോൾടിക്കററ് സർവ്വകലാശാലയിൽനിന്നു അയച്ചു കിട്ടിയിട്ടില്ലെന്നു പ്രിൻസിപ്പൽ കൈമലർത്തും. ആയവസരത്തിൽ സാധിക്കുമെങ്കിൽ ഹൈക്കോടതിയോടോ സർവ്വകലാശാലാധികൃതരോടോ ശരണംപ്രാപിക്കാതെ വിദ്യാർത്ഥിക്കു ഗതിയില്ലെന്ന നിലവരും.

പ്രതികാര നടപടിയായി പ്രിൻസിപ്പൽമാർ ഇങ്ങനെ ഹാജർ കൊടുക്കാതിരുന്നിട്ടുണ്ടെന്നു വിദ്യാർത്ഥികളിൽ നിന്നു പരാതിയുണ്ടാകാറുണ്ട്. ഇന്നത്തെ വ്യവസ്ഥയനുസരിച്ച് ക്ലാസ്സിൽ ഹാജരായാൽ തന്നെ ഹാജർ വെട്ടിക്കളയാൻ പ്രിൻസിപ്പലിനു അധികാരമുണ്ടെന്നു തോന്നുന്നു. ഇത് വിദ്യാർത്ഥി അറിഞ്ഞിരിക്കണമെന്നുമില്ല. കോളേജിൽ അച്ചടക്ക ലംഘനത്തിന്റെ പേരിൽ എന്തെങ്കിലും കാരണം പറഞ്ഞ് ഒന്നോ രണ്ടോ മാസത്തെക്കു വിദ്യാർത്ഥികളെ കോളേജിൽ നിന്നു സസ്പെൻറ് ചെയ്തതിന്റെയും ഉദാഹരണങ്ങളുണ്ട്. ഇങ്ങനെ സസ്പെൻറ. ചെയ്യപ്പെടുന്ന വിദ്യാർത്ഥിക്കു പരാതിപ്പെടാ

Vol. 1

No. 15

# NIRNAYAM

(ERNAKULAM 10TH MAY 1970)

Price 35 Ps.

നം പരിഹാരം കാണാനും ഒരു വഴിയുമില്ലതാനും. ഒരു വിദ്യാർത്ഥിയുടെ ഭാവിയെത്തന്നെയും ചുരുങ്ങിയത് ജീവിതത്തിലെ ഒരു വർഷത്തെയും ലാഘവ ബുദ്ധിയോടെ കൈകാര്യം ചെയ്യുന്ന പ്രിൻസിപ്പൽമാരെയാണ് ആദ്യം നന്നാക്കേണ്ടത്

സാർവ്വത്രികമായി ഇത്തരത്തിൽ പ്രിൻസിപ്പൽമാർ പെരുമാറുന്നുണ്ടോ എന്ന ചോദ്യമുണ്ടാകാം, അങ്ങിനെയടുത്തകാലം വരെ പെരുമാറിയിരുന്നുവെന്നാണ് സത്യം. സർവ്വാധിപതിയായി പ്രിൻസിപ്പൽമാർ കോളേജ്കൾ അടക്കി വാണിരുന്നു. അങ്ങിനെയുള്ള ഹിരണ്യന്മാരെ യോഗ്യരായ പ്രിൻസിപ്പൽമാരായും കരുതിയിരുന്നു. അധികാര ശേഷികൊണ്ട് അതുപയോഗിച്ചുള്ള പേടിപ്പെടുത്തൽ കൊണ്ടും അച്ചടക്കം അടിച്ചേല്പിക്കുന്നത് യോഗ്യതയല്ലെന്നു നമ്മുടെ പ്രിൻസിപ്പൽമാരും അദ്ധ്യാപകരും ഇനിയും വേണ്ടവണ്ണം മനസ്സിലാക്കിയിട്ടില്ല.

## പഴഞ്ചൻ ധാരണകൾ

പ്രിൻസിപ്പൽമാരും വിദ്യാഭ്യാസാധികൃതരും പഴഞ്ചൻ ധാരണകൾ വെച്ചുപുലർത്തുന്നതാണ് മിക്ക കുഴപ്പങ്ങൾക്കും കാരണം. കഴിഞ്ഞകാലത്തെ വിദ്യാർത്ഥി സമരങ്ങളുടെ ചരിത്രംതന്നെ നോക്കിയാൽ ഇതു് മനസ്സിലാകും. ഡിറെറൻഷനെതിരായി എത്രയെത്ര വിദ്യാർത്ഥി സമരങ്ങൾ ഈ രാജ്യത്തു നടന്നു. ഡിറെറൻഷൻ മാനേജ്മെൻറിൻെറയും പ്രിൻസിപ്പലിൻേറയും മൌലികാവകാശമായിട്ടാണ് കരുതപ്പെട്ടിരുന്നത്. രണ്ടുവർഷത്തെ പ്രി ഡിഗ്രി കോഴ്സിനോ ഇൻറർമിഡിയററിനോ പഠിക്കുന്ന വിദ്യാർത്ഥികളെ ഒന്നാം വർഷം ക്ലാസ്സ് കയററം നൽകാതിരിക്കുന്നതു് തെറെറാന്നുമല്ലയെന്ന ധാരണ വിദ്യാഭ്യാസാധികൃതരിൽ പരക്കെയുണ്ടായിരുന്നു. മിക്ക അദ്ധ്യാപകർക്കും ഈ ധാരണ തന്നെയാണ് ഉണ്ടായിരുന്നതു്. അച്ചടക്കം പാലിക്കുന്നതിൻെറ പേരിൽ ശിക്ഷണനടപടിയായി ഈ ഡിറെറൻഷൻ ഉപയോഗിക്കുന്നതിൽ ഒരപാകതയും അധികൃതർ കണ്ടിരുന്നില്ല. മാത്രമല്ല ചില രക്ഷകർത്താക്കൾ കൂടി ഇതാവശ്യമാണെന്നാണ് കരുതിയിരുന്നതു്. അതായതു് എത്രമാർക്കു കിട്ടുന്ന വിദ്യാർത്ഥിയായാലുംശരി പ്രിൻസിപ്പലിൻെറ ഇംഗിതത്തിനനുസരിച്ച് അച്ചടക്കം പാലിക്കുന്നില്ലെങ്കിൽ ഡിറെറയിൻ ചെയ്യാവുന്ന ധാരണയുണ്ടായിരുന്നുവെന്നർത്ഥം. അപ്പോൾ, കോളേജിൽ പഠിക്കുന്നതും, പരീക്ഷപാസ്സാകുന്നതുപോലും വിദ്യാഭ്യാസയോഗ്യതയാകുന്നില്ല. പ്രത്യുത അച്ചടക്കം എന്നു പറയുന്ന എന്തോ സാധനമാണ് സർവ്വപ്രധാനമെന്നർത്ഥം.

ഇതു് ഇന്നു് കുറെയൊക്കെ മാറിയിട്ടുണ്ടെന്നു സമ്മതിക്കണം. പക്ഷെ, അതു് എങ്ങനെ മാറി? വിദ്യാർത്ഥികൾ സമരംചെയ്തതുകൊണ്ടല്ലാ അതു് സാധിച്ചതു്? നിശ്ചിതയളവിൽ കൂടുതൽ വിദ്യാർത്ഥികളെ ക്ലാസ്സിൽ ചേർത്ത്, അവരിൽ നിന്നു ഈടാക്കാവുന്ന ഫീസെല്ലാം ഈടാക്കിയ ശേഷം, വർഷാവസാനത്തിൽ പരീക്ഷക്കിരിക്കാൻ അനുവദിക്കാതിരിക്കുന്നത് കഴിഞ്ഞ വർഷംവരെ പല സ്വകാര്യ കോളേജിലും പതിവായിരുന്നു. മാനേജ്മെൻറുകളുടെ പിണിയാളുകളായ പ്രിൻസിപ്പൽമാരാണ് ഇത് ചെയ്തിരുന്നത്. വിദ്യാർത്ഥികൾ സമരം ചെയ്ത് ഓരോ തരത്തിലുള്ള ഡിറെറൻഷൻ സമ്പ്രദായം അവസാനിപ്പിച്ചു കൊണ്ടിരിക്കയാണ്.

അവസാനമായി പഴയ ഡിറെറൻഷൻെറ സ്ഥാനത്ത് ഹാജർ സർട്ടിഫിക്കെററ് തടയുകയെന്ന ശിക്ഷണ നടപടി പ്രിൻസിപ്പൽമാർ കണ്ടെത്തിയിരിക്കുകയാണ്. മുമ്പ് ഡിറെറൻഷൻ ഉപയോഗിച്ച് വിദ്യാർത്ഥികൾക്ക് കിട്ടേണ്ട നീതി കൊടുക്കാതിരുന്നിട്ടുണ്ടെങ്കിൽ ഇനി ഹാജർ സർട്ടിഫിക്കെററ് തടഞ്ഞ് അതാവർത്തിക്കുകയില്ലെന്നു എന്താണുറപ്പ്. അതുകൊണ്ട് എം. ജി. കോളേജിലെ നാലു വിദ്യാർത്ഥികളുടെ പ്രശ്നം ഭാവിയിലേക്ക് വിദ്യാർത്ഥികൾക്ക് വേണ്ട പരിരക്ഷ നൽകുന്നതിനു് സെനററിനെ പ്രേരിപ്പിക്കേണ്ടതാണ്. കഴിഞ്ഞ സെനററ് യോഗത്തിൽ വിദ്യാർത്ഥി പ്രതിനിധികളും ഭൂരിഭാഗം സെനററംഗങ്ങളും ഒന്നിച്ചു നിൽക്കുകയുണ്ടായി

(ശേഷം അടുത്ത ലക്കത്തിൽ)

---

കുറിപ്പുകൾ (1-ാം പേജ് തുടർച്ച)

ഇതിനൊക്കെ രണ്ടുമൂന്നു ദിവസത്തെ സമയം തരണ്ടേ? എന്നാണു് മേശപ്പുറത്തു കുന്നുകൂടിക്കിടക്കുന്ന ഫയലുകൾക്കിടയിലൂടെ തലനീട്ടിക്കൊണ്ടു് അദ്ദേഹം ചോദിച്ചതു്. പക്ഷെ വാരികയുടെ ചരിത്രമെല്ലാം വിശദീകരിച്ചു കേട്ടപ്പോൾ 'കരുണ' തോന്നിയതുകൊണ്ടോ എന്തോ ഡിക്ലറേഷൻ തനിപ്പകർപ്പിൽ ഒപ്പിട്ടു തന്നു.

ജില്ലാ കളക്ടർ ഒപ്പിട്ട ഡിക്ലറേഷൻ അദ്ദേഹത്തെ കാണിച്ചുകൊടുത്തിട്ടും അതിൻെറ പകർപ്പിൽ ഒപ്പിട്ടു തരാനോ ഡിക്ലറേഷൻ ഫയൽ ചെയ്തിട്ടുണ്ടെന്നു് എഴുതിത്തരാനോ അദ്ദേഹം കാണിച്ച വിമ്മിഷ്ടം ദുരൂഹമാണു്. നിർണ്ണയത്തിനു് ഡിക്ലറേഷൻ ഉണ്ടെന്നു് സർട്ടിഫിക്കററു തരണമെന്നു് ഒരു നിയമപുസ്തകത്തിലും രേഖപ്പെടുത്താത്തതിൻെറ ബുദ്ധിമുട്ട് അദ്ദേഹം ചൂണ്ടിക്കാണിച്ചു.

തുടർന്നു ഡിക്ലറേഷൻ ഫയൽ ചെയ്തതിൻെറ സർട്ടിഫിക്കററു സഹിതം തപാൽ സൌജന്യത്തിനപേക്ഷിച്ചുകൊണ്ട് തപാൽ വകുപ്പധികൃതർക്കു ഞങ്ങൾ വീണ്ടും എഴുതി. പക്ഷെ മറുപടി ഒന്നും കിട്ടുന്നില്ല. രണ്ടാഴ്ച കഴിഞ്ഞപ്പോൾ തപാൽ സൌജന്യക്കാര്യം ഓർമ്മിച്ചുകൊണ്ടു് തിരുവനന്തപുരത്തു് പോസ്റ്റ്മാസ്റ്റർ ജനറലിനു വീണ്ടും ഞങ്ങളെഴുതി. മറുപടിയൊന്നുമുണ്ടാകുന്നില്ല. കഴിഞ്ഞയാഴ്ച വീണ്ടും കാര്യം ഓർമ്മപ്പെടുത്തിക്കൊണ്ടു് അദ്ദേഹത്തിനെഴുതിയിരിക്കയാണു്.

തപാൽ സൌജന്യം കിട്ടുന്നതിനു ഇനി എന്തു് നടപടിയാണ് എടുക്കേണ്ടതെന്നു ഞങ്ങൾക്കറിഞ്ഞുകൂടാ. വാരിക കേവലം ആശയ പ്രചരണത്തിനുവേണ്ടി നടത്തുന്നതാണെന്നും പരസ്യം മേടിച്ച് ലാഭമുണ്ടാക്കാനുദ്ദേശിച്ചുള്ളതല്ലെന്നും ഞങ്ങൾ ഓരോതവണയും തപാൽ വകുപ്പധികൃതരെ എഴുതി അറിയിച്ചുകൊണ്ടിരുന്നിട്ടുണ്ടു്.

പത്രമാസികകൾക്ക് തപാൽസൌജന്യം അനുവദിക്കുന്നത് ജനാധിപത്യ വ്യവസ്ഥിതിയിൽ ആശയ പ്രചരണങ്ങൾക്കു സഹായം ചെയ്യുന്നതിനാണെന്നാണ് വെപ്പ്. തപാൽ സൌജന്യം ലഭിക്കാതെ ഒരു പത്രമാസികയും നടത്താനാവില്ല.

എങ്കിലും വലിയ നഷ്ടം സഹിച്ചുകൊണ്ട് പതിനഞ്ചാമത്തെ ലക്കവും ഞങ്ങൾ പുറത്തിറക്കി. 'നിർണ്ണയം' പോലുള്ള ഒരു വാരിക നിലനിന്നു പോകണമെങ്കിൽ വരിക്കാരും ഏജൻറുമാരും ആത്മാർത്ഥമായി സഹായിച്ചാൽ പോലും വിഷമകരമാണ്. പ്രതീക്ഷിക്കാത്ത സ്ഥാനത്ത് നിന്നാണു് ഇപ്പോൾ ഞങ്ങൾക്കു ബുദ്ധിമുട്ട് നേരിടേണ്ടി വന്നിട്ടുള്ളത്. ഇനി എന്തു ചെയ്താലാണ് തപാൽ വകുപ്പധികൃതർ നിയമാനുസൃതം ഞങ്ങൾക്ക് അർഹമായ തപാൽ സൌജന്യം അനുവദിക്കുക.

'നിർണ്ണയ'ത്തിനു തപാൽ സൌജന്യം അനുവദിക്കുന്നതുകൊണ്ട് എന്തു നഷ്ടമാണ് തപാൽ വകുപ്പിനു വരാൻ പോകുന്നതെന്നറിഞ്ഞു കൂടാ. ഒരു പക്ഷെ, സർക്കാറിനു പണമുണ്ടാക്കാൻ തപാൽ വകുപ്പ്കാർക്കുള്ള വ്യഗ്രതയായിരിക്കുമോ തപാൽ സൌജന്യം അനുവദിക്കാതിരിക്കാൻ കാരണം?

---

Edited printed and published by M. A. John Convent Road, Cochin-11

at Empees press, Gopalprabhu Road, Cochin-11